# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുക്കം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.9/384/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 21/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മുക്കം മുനിസിപ്പാലിറ്റി

സർ,

വിഷയം : മുക്കം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുക്കം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)
2.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3.കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി.9/384/22 തീയ്യതി: 21/03/2022

## കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 11-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ.ടി.സി | ജോയിന്റ് ഡയറക്ടർ | 14-02-2022 | 24-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-02-2022 | 24-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.പി.ഹരി, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീമതി.ഷൈന.എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുരേഷ് കുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ (14.2.22 മുതൽ 21.2.22 വരെ)
ശ്രീ.അഫ്സൽ.ടി.എം, ഓഡിറ്റർ
ശ്രീമതി.ജിഷ.പി,ഓഡിറ്റർ (22.2.22 മുതൽ 24.2.22 വരെ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എൻ.കെ.ഹരീഷ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ വി.കുഞ്ഞൻ മാസ്റ്റർ | ചെയർമാൻ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ധന്യ.സി.അർ | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.പത്മാവതി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രിയ മോഹൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.അരുൺ കുമാർ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.മകുടം തമ്പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.കേശിനി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.മോഹൻ.എം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീ.സനിൽ കുമാർ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.റസിയ | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് | 01-04-2019 | 09-05-2019 |
| ശ്രീ.അബ്ദുൾ റഹീം | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ് | 06-06-2019 | 31-03-2020 |
| ശ്രീ.ബി.വി.മുഹമ്മദ് നയിം | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.നീതു.കെ | പ്രോജക്ട് ഓഫീസർ, കുടുംബശ്രീ | 01-04-2019 | 31-03-2020 |
| ശ്രീ.സുരേഷ് ബാബു | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2019 | 26-10-2019 |
| ശ്രീ.മധുസൂദനൻ | ഹെൽത്ത് ഇൻസ്പെക്ടർ | 28-10-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-1 |
| 2 | ബജറ്റ്-അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-3 |
| 4 | ക്ഷേമപെൻഷനുകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 02-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-4 |
| 5 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-5 |
| 6 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-6 |
| 7 | ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-7 |
| 8 | പദ്ധതി വിഹിതത്തിന്റെ ലഭ്യത ആനുപാതികമല്ല<br>Written By: Jisha.P (Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-7-1 |
| 9 | ക്യാഷ് പരിശോധന<br>Written By: Jisha.P (Auditor, On 28-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-8 |
| 10 | പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-10 |
| 12 | പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയില്ല<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-11 |
| 13 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 27-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-12 |
| 14 | സ്റ്റീൽ ക്രോക്കറി വെസ്സൽ ബാങ്ക്(സ്വച്ഛഭാരത് ഡി.പി.ആർ) പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 27-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-13 |
| 15 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച്<br>Written By: Shyna A.K (Asst. Audit Officer, On 27-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-14 |
| 16 | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച് | 1-15 |

| | | |
|---|---|---|
| | Written By: Shyna A.K (Asst. Audit Officer, On 27-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | |
| 17 | വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച<br>Written By: Shyna A.K (Asst. Audit Officer, On 27-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-16 |
| 18 | പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 27-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-17 |
| 19 | കുടിവെള്ള വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 27-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-18 |
| 20 | ഹരിത കർമ്മസേന -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 27-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-19 |
| 21 | തനതുഫണ്ട് വകയിരുത്തി തയ്യാറാക്കിയ പദ്ധതിയുടെ ഫണ്ടിനം മാറ്റി തുക നൽകുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-20 |
| 22 | തനതുഫണ്ട് പിരിച്ചെടുക്കുന്നതിൽ അലംഭാവം കാണിക്കുമ്പോൾ വൻതുക വാർഷിക പദ്ധതിയിൽ വകയിരുത്തി ചെലവഴിക്കുന്നു<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-21 |
| 23 | പദ്ധതിരൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-22 |
| 24 | പദ്ധതി നിർവ്വഹണത്തിലെ കാലതാമസവും മറ്റപാകതകളും<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-23 |
| 25 | വകയിരുത്തിയതിൽ കൂടുതൽ ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-24 |
| 26 | ലോഡ്ജിംഗ്/കാട്ടേർസ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-25 |
| 27 | ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-26 |
| 28 | തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-27 |
| 29 | വിനോദ നികുതി പിരിവ്-സർക്കാർ മാർഗ നിർദേശങ്ങൾ പാലിക്കുന്നില്ല-<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-28 |
| 30 | ബസ്സ്റ്റാന്റ് പിരിവ് ലേലം -അപാകതകൾ<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-29 |
| 31 | തറ വിസ്തൃതി വളരെ കുറഞ്ഞ കെട്ടിടങ്ങൾ -ഉപയോഗ ക്രമം നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-30 |

| | | |
|---|---|---|
| 32 | നഗര സഭയുടെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല - പിഴയിനത്തിൽ തുക അടക്കാൻ അവശേഷിക്കുന്നു.<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-31 |
| 33 | നഗരസഭയുടെ വാഹനം ഉപയോഗ ശൂന്യമായി - ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-32 |
| 34 | പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം - ഫണ്ടിനം മാറ്റി തുക നൽകി<br>Written By: Jisha Samuel (Asst. Audit Officer, On 24-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-33 |
| 35 | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക-ഈടാക്കാൻ നടപടി സ്വീകരിച്ചില്ല<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 1-34 |
| 36 | വസ്തു നികുതി നിർണയം -മാതൃകാപരമായ ഇടപെടൽ<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-35 |
| 37 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-36 |
| 38 | ചുമതലയിൽ ഇല്ലാത്ത കാര്യത്തിന് തുക ചെലവഴിച്ചു<br>Written By: Hari. K.P (Audit Officer (HG), On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-37 |
| 39 | പെൻസിൽ - അവധിക്കാല ക്യാമ്പ് ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല<br>Written By: Hari. K.P (Audit Officer (HG), On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 1-38 |
| 40 | വെള്ളപ്പൊക്ക ദുരിതാശ്വാസം - ശുചീകരണത്തിന്റെ ഭാഗമായി പ്രവർത്തനങ്ങൾക്ക് തുടർ നടപടി ഇല്ല<br>Written By: Hari. K.P (Audit Officer (HG), On 25-02-2022)<br>Last Updated By: Pyarilal.T.C (Joint Director, On 18-03-2022) | 1-39 |
| ഭാഗം **2** | | |
| 1 | 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു<br>Written By: Afsal T.M (Auditor, On 02-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 21-03-2022) | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 02-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 02-03-2022) | 4-3 |

| | | |
|---|---|---|
| | Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: SURESH KUMAR S (Senior Grade Auditor, On 02-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: SURESH KUMAR S (Senior Grade Auditor, On 02-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 02-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: SURESH KUMAR S (Senior Grade Auditor, On 01-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 02-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 02-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 19-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

27.02.2019 ലെ രണ്ടാം നമ്പർ തീരുമാനപ്രകാരം 2019-20 വർഷത്തെ ബജറ്റും 24.03.2020 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ / പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

### 1-2 ബജറ്റ്-അപാകതകൾ

2019-20 ലെ പുതുക്കിയ ബജറ്റ് 24.03.2020 ലെ തീരുമാനം നം.1 പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ഇതിലെ വരവുചെലവുതുകകളും യഥാർത്ഥത്തിലുള്ള വരവു ചെലവു തുകകളുമായി വലിയ അന്തരം നിലനിൽക്കുന്നു. വർക്ക് ഷീറ്റുകളുടെ അഭാവത്തിൽ ഇത്തരത്തിൽ അന്തരം ഉണ്ടാകുന്നതിനുള്ള സാഹചര്യം വ്യക്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 39064734 | 39064734 |
| വരവ് | 789212000 | 177203363 |
| ആകെ | 828276733 | 216268097 |
| ചെലവ് | 784493500 | 180552375 |
| നീക്കിയിരിപ്പ് | 43783233 | 35715722 |

അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും ബജറ്റ് തയ്യാറാക്കുന്നതിൽ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

### 1-3 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 12.01.2020 | -- | -- |

### 1-4 ക്ഷേമപെൻഷനുകൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 153600 | 130 |
| കർഷക തൊഴിലാളി പെൻഷൻ | 4137600 | 817 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 8613600 | 1563 |
| വാർദ്ധക്യകാല പെൻഷൻ | 10904100 | 2254 |
| വികലാംഗ പെൻഷൻ | 2474000 | 457 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 648600 | 122 |

1-5 വാർഷികകണക്കുകളിലെ അപാകതകൾ

മുക്കം നഗരസഭയുടെ 2019-20 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1.Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 3,31,175/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, ഫ്ലഡ് സെസ്, ലൈബ്രറി സെസ് എന്നിവ ഉൾപ്പെടെ അടവാക്കാതെ മുനിസിപ്പൽ ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

3.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

4.ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്-മുനിസിപ്പൽ ഫണ്ട് എന്ന ശീർഷകത്തിൽ(412010100) 54,94,250/-രൂപയും, ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്-വികസന ഫണ്ട് എന്ന ശീർഷകത്തിൽ(412100100) 42,87,917/-രൂപയും, ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ്-ഫണ്ട്സ് ഫോർ ട്രാൻസ് ഫേർഡ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന ശീർഷകത്തിൽ(412100500) 46,12,473/-രൂപയും, രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് ഈ തുക ആസ്തികളിലേക്ക് വരവ് വച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സ്ഥാപനം വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

5.ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിൽ ഗ്രാന്റ്സ് ഫ്രം അദർ ഗവൺമെന്റ് ഏജൻസി, ഗുണഭോക്തൃവിഹിതം, അദർ ഗ്രാന്റ്സ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് എന്നീ ഇനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള തുക പ്രത്യേക അക്കൗണ്ടിലല്ല സൂക്ഷിച്ചിട്ടുള്ളത്. അവ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതും എ.സി.ആർ വെച്ച് ചെലവ് വിവരം നിരീക്ഷിക്കേണ്ടതുമാണ്.

6.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Festival Advance To Employees (460100400) എന്ന ശീർഷകത്തിൽ 27,000/- രൂപയും, Miscellaneous Advance (460100700) എന്ന ശീർഷകത്തിൽ 1,71,623/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ മേൽ തുകകളുടെ വിതരണം, തിരിച്ചടവ്, ക്രമീകരണം എന്നിവ നിരീക്ഷിക്കപ്പെടുന്നില്ല.

7.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം വാട്ടർ ഡെപോസിറ്റ് (460600300) എന്ന ശീർഷകത്തിൽ 35,060/- രൂപയും, Other Deposits With External Agencies(460609900) എന്ന ശീർഷകത്തിൽ 19,962/- രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് ഉപോൽബലകമായ രേഖകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

8.വസ്തുനികുതി രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ(എംപ്ലോയീസ്), തൊഴിൽ നികുതി(ട്രേഡേഴ്സ്), ഡി&ഒ രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിൽ വർഷാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ തുകകളുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

9. ഷെഡ്യൂൾ B-7(ഡെപ്പോസിറ്റ് റിസീവ്ഡ്) പ്രകാരമുള്ള ഡെപ്പോസിറ്റുകൾ നിയമ പരമായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ നീക്കിയിരിപ്പുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ഷെഡ്യൂൾ ബി-7 പ്രകാരമുള്ള തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| Code No. | Particulars | Amt As Per B-7 |
|---|---|---|
| 340100105 | Supplier's EMD | 104843/- |
| 340100205 | Supplier's Security Deposit | 113750/- |
| 340100301 | Contractor's Retention Money | 56747/- |
| 340200100 | Rent Deposit | 3659637/- |
| 340200200 | Auction Deposit | 606047/- |

10.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം Grants & Contribution For Specific Purpose ഇനത്തിൽ 1,25,56,977/-രൂപ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ആയതിന്റെ വിശദാംശങ്ങൾ മനസിലാക്കുന്നതിന് എ.സി.ആർ സൂക്ഷിച്ചിട്ടില്ല.

11.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം സ്ഥാപനം നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി പണമാക്കാത്തതുമായ ചെക്കുകൾ (Liability In Respect Of Stale Cheque) എന്ന ശീർഷകത്തിൽ 202191/-രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം സ്ഥാപനത്തിലെ എല്ലാ അക്കൗണ്ടുകളിലുമായി ഈ ഇനത്തിൽ ആകെ 651496/- രൂപയാണുള്ളത്.

1-6 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 39064734 |
| വരവ് | 177203363 |
| ആകെ | 216268097 |
| ചെലവ് | 180552375 |
| നീക്കിയിരിപ്പ് | 35715722 |

## 1-7 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ(ACR പ്രകാരം) | | 0 | 13573942 | 13573942 | 12496994 | 1076948 |
| വികസന ഫണ്ട്-SCP(ACR പ്രകാരം) | | 0 | 23638000 | 23638000 | 22210496 | 1427504 |
| വികസന ഫണ്ട്-TSP(ACR പ്രകാരം) | | 0 | 481000 | 481000 | 481000 | 0 |
| മെയിന്റനൻസ് ഫണ്ട്-റോഡ്(ACR പ്രകാരം) | | 0 | 21476000 | 21476000 | 7800512 | 13675488 |
| മെയിന്റനൻസ് ഫണ്ട്-നോൺറോഡ്(ACR പ്രകാരം) | | 0 | 4972000 | 4972000 | 2469376 | 2502624 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 9327000 | 9327000 | 5477870 | 3849130 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3684575 | 161436363 | 165120938 | 134236400 | 30884538 |
| | ട്രഷറി അക്കൗണ്ട് | 3852017 | 15767000 | 19619017 | 14787834 | 4831183 |

## 1-7-1 പദ്ധതി വിഹിതത്തിന്റെ ലഭ്യത ആനുപാതികമല്ല

മുക്കം മുനിസിപ്പാലിറ്റിയ്ക്ക് 2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം വികസനഫണ്ട് (ജനറൽ) ,വികസന ഫണ്ട് (എസ്.സി.പി) എന്നീ ഇനങ്ങളിലായി ലഭിച്ച തുകകളുടെ വിവരം താഴെ കൊടുക്കുന്നു. ഈ തുകകൾ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ഫണ്ടുൾപ്പെടെയാണ്.

| സാമ്പത്തിക വർഷം | വികസന ഫണ്ട്- ജനറൽ | വികസന ഫണ്ട്- എസ്.സി.പി | ജനറൽ/എസ്.സി.പി ശതമാനം |
|---|---|---|---|
| 2016-17 | 14610148 | 11640177 | 56/44 |
| 2017-18 | 26736000 | 13132000 | 67/33 |
| 2018-19 | 19262884 | 23303000 | 45/55 |
| 2019-20 | 15817948 | 23638000 | 40/60 |
| 2020-21 | 17466000 | 22072000 | 44/56 |

പദ്ധതി വിഹിതത്തിന് ജനസംഖ്യാനുപാതികമായാണ് വർദ്ധനവ് ഉണ്ടാകേണ്ടത്. എന്നാൽ ജനറൽ വിഹിതത്തെ അപേക്ഷിച്ച് എസ്.സി.പി വിഹിതത്തിൽ വൻ വർദ്ധനവ് ആണ് ഉണ്ടായിരിക്കുന്നത് . മേൽ പട്ടിക പ്രകാരം ഇത് വ്യക്തമാകുന്നു. മുക്കം നഗരസഭ യിലെ ജനസംഖ്യ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വിഭാഗം | ജനസംഖ്യ(പദ്ധതിരേഖപ്രകാരം) |
|---|---|
| ജനറൽ | 35654 |
| എസ്.സി | 4973 |
| എസ്.ടി | 43 |
| ആകെ | 40670 |

ജനസംഖ്യ കണക്ക്(2011 സെൻസസ്) പരിശോധിച്ചാൽ മൊത്തം ജനവിഭാഗത്തിന്റെ 12% മാത്രമേ എസ്.സി.പി ജനസംഖ്യ ഉള്ളു. ജനസംഖ്യയുടെ 88% വും ജനറൽ വിഭാഗമാണ്. ബജറ്റ് വിഹിതം അനുവദിക്കുമ്പോൾ ജനസംഖ്യയ്ക്ക് അനുസൃതമായാണ് തുക കണക്കാക്കുന്നത്. എന്നാൽ ഒന്നാം പട്ടികയിൽ സൂചിപ്പിച്ച പ്രകാരം വിവിധ കാലയളവിലെ ബജറ്റ് വിഹിതം അനുവദിച്ചതിന്റെ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ആകെ ജനസംഖ്യയുടെ വെറും 12% വരുന്ന വിഭാഗത്തിന് 88% വരുന്ന പൊതുവിഭാഗത്തെക്കാൾ അധികം തുക അനുവദിച്ചിട്ടുള്ളതായി കാണാം. ബജറ്റ് വിഹിതം ജനസംഖ്യാ വർദ്ധനവിനെ അടിസ്ഥാനപ്പെടുത്തിയിട്ടല്ല എസ്.സി.പി ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു. 2016-17 മുതൽ 2020-21 വരെയുള്ള എസ്.സി.പി ഫണ്ടിന്റെ വരവ് ചെലവ് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|
| 2016-17 | 11640177 | 9103091 | 2537086 |
| 2017-18 | 13132000 | 13132000 | 0 |
| 2018-19 | 23303000 | 23303000 | 0 |
| 2019-20 | 23638000 | 22224764 | 1413236 |
| 2020-21 | 22072000 | 15133237 | 6938763 |

2018-19, 2019-20 വർഷങ്ങളിൽ എസ്.സി.പി ഇനത്തിൽ ലഭിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

2021-22 ൽ മുക്കം മുനിസിപ്പാലിറ്റിയിൽ സംസ്ഥാന ബജറ്റ് പ്രകാരം അനുവദിച്ച തുക സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| സാമ്പത്തിക വർഷം | വികസന ഫണ്ട്-ജനറൽ | വികസന ഫണ്ട്-എസ്.സി.പി | വികസന ഫണ്ട്-ടി.എസ്.പി |
|---|---|---|---|
| 2021-22 | 34874000 | 20993000 | 4928000 |

2018-19 മുതൽ 2020-21 സാമ്പത്തിക വർഷങ്ങളെ അപേക്ഷിച്ച് 2021-22 ൽ ജനറൽ ഫണ്ട് എസ്.സി.പി യെക്കാൾ വർദ്ധിച്ച നിരക്കിൽ ലഭ്യമായിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയ്ക്ക് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് താഴെ കൊടുത്ത നിബന്ധന പ്രകാരം ജനറൽ/എസ്.സി.പി / ടി.എസ്.പി ഫണ്ട് കണക്കാക്കുന്നതിന് നിശ്ചിത പ്രഫോർമയിൽ വിവരങ്ങൾ ലഭ്യമാക്കാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ഓരോ തലത്തിനുമുള്ള പൊതു വിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വിഭജിച്ച നൽകിയത് യഥാക്രമം പട്ടിക -2, പട്ടിക -3, പട്ടിക -4 എന്നിവയിൽ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള വെയിറ്റേജിന്റെ അടിസ്ഥാനത്തിലാണ്.

പട്ടിക 2(പൊതു വിഭാഗം സാധാരണ വിഹിതം )

| ക്രമ നം. | സൂചകം | വെയിറ്റേജ് ശതമാനം |
|---|---|---|
| 1 | പട്ടികജാതി-പട്ടികവർഗ്ഗക്കാരൊഴിച്ചുള്ള ജനസംഖ്യ (2011 സെൻസസ്) | 40 |
| 2 | ഭൂപ്രദേശം | 10 |
| 3 | പാരിസ്ഥിതിക ദുർബലത | 10 |
| 4 | ഇല്ലായ്മയുടെ സൂചകം | 25 |
| 5 | വരുമാന സമാഹരണത്തിന് പ്രോത്സാഹനം | 15 |
| | ആകെ | 100 |

പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം

| ക്രമ നം. | സൂചകം | വെയിറ്റേജ് ശതമാനം |
|---|---|---|
| 1 | പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യ(2011 സെൻസസ് പ്രകാരം) | 60 |
| 2 | ഇല്ലായ്മയുടെ സൂചകം | 40 |
| | ആകെ | 100 |

മേൽ പട്ടികയിലെ വിവരങ്ങൾ തെറ്റായി നൽകിയത് മൂലം ഉണ്ടായ അപാകതയാണോ അതോ സർക്കാർ അലോക്കേഷനിൽ വന്ന അപാകതയാണോ എന്നത് പരിശോധിക്കാൻ ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കാത്തതിനാൽ ഓഡിറ്റിന് സാധിച്ചിട്ടില്ല.

2021-22 വർഷത്തിൽ ടി.എസ്.പി പദ്ധതി വിഹിതത്തിലും വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത് എന്നും കാണുന്നു. പദ്ധതിരേഖപ്രകാരം മുക്കം മുനിസിപ്പാലിറ്റിയിലെ എസ്.ടി ജനസംഖ്യ (2011 സെൻസസ്) ആകെ ജനസംഖ്യയിൽ(40670) വെറും 43 പേർ മാത്രമാണ്. 2021 ൽ ടി.എസ്.പി ഫണ്ടിനത്തിൽ 358000 രൂപയാണ് അനുവദിച്ചിട്ടുള്ളതെ ങ്കിൽ 2021-22 ൽ 4928000രൂപ അനുവദിച്ചിട്ടുണ്ട്. ജനസംഖ്യയ്ക്ക് അനുസരിച്ച് അനുവദിക്കേണ്ട ബജറ്റ് വിഹിത പ്രകാരമുള്ള ടി.എസ്.പി ഫണ്ടിന്റെ വരവിലുണ്ടായ വൻ അന്തരം സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിന് മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ലഭിക്കേണ്ട എസ്.സി.പി വിഹിതം അറിയിച്ചിട്ടും അധികം ലഭ്യമായതാണെങ്കിൽ പരിശോധിക്കേണ്ട താണ്. ജനറൽ ഫണ്ട് ബജറ്റ് അലോക്കേഷനിൽ കുറവ് വന്നതാണെങ്കിൽ ആയതും പരിശോധിക്കേണ്ടതും തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.2.22 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 114760/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

### 1-9 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 418 | 313414339 | 197 | 79396357 | -- | 221 | 47.13% |

ഡി.പി.സി. അഗീകാരം ലഭിച്ച 418 പ്രൊജക്ടുകളിൽ എണ്ണം ഓഡിററ്റ വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 313414339/-രൂപ വകയിരുത്തിയതിൽ 79396357/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 21729639/-രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരിക്കുന്നതിന്റെ അടിസ്ഥനരേഖയായ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. സ്റ്റാററസ് റിപ്പോർട്ടിൽ മുനിസിപ്പൽ പ്രദേശത്തെക്കുറിച്ചുള്ള പൊതു വിവരങ്ങൾ, ജനസംഖ്യാ വിവരണം എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ സ്ഥിതിവിവരകണക്കുകൾ കൂടി കണക്കിലെടുത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. വാർഷികപദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടോ മൂന്നോ യോഗങ്ങൾ ചേർന്നതല്ലാതെ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഓരോ പദ്ധതികളുടെയും പ്രവർത്തന കലണ്ടർ അനുസരിച്ചാണ് പ്രവർത്തനം പുരോഗമിക്കുന്നത് എന്ന് വിലയിരുത്തുകയോ,ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ലായെന്ന് വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകളിൽ നിന്നും വ്യക്തമാകുന്നു. പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് നടത്തിയിട്ടില്ലെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

ഡി.പി.സി.അംഗീകാരം ലഭിച്ച 320 മരാമത്തു പ്രൊജക്ടുകളിൽ 136 പ്രവൃത്തികളാണ് (42.5%) തൻവർഷം നടപ്പാക്കിയിട്ടുള്ളത്. മിനട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ

പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്ന കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണ ത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തതായി കാണുന്നില്ല. 25.02.2020-ലെ മരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാന പ്രകാരം 2019-20 വാർഷിക പദ്ധതിയിൽ, പൂർത്തീകരിച്ച പ്രവൃത്തികളുടെ നിലവാരം പരിശോധിക്കുന്നതിന് കർമ്മസമിതിയുടെ മോണിട്ടറിംഗ് നടത്താൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല.

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ, വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി മുനിപ്പാലിറ്റിയുടെ കാർഷിക മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കുന്ന തരത്തിലുള്ള വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന കാർഷിക പ്രോജക്ടുകൾ നഗരസഭ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്, തൈ, വളം സബ്സിഡി വിതരണ പ്രോജക്ടുകൾ മാത്രമാണ് ഓഡിറ്റ് വർഷവും നടപ്പിലാക്കിയതെന്ന് കാണാം.

## 1-10 ആഭ്യന്തരനിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

നഗരസഭ വിവിധ ഏജൻസികൾക്ക് ഡപ്പോസിറ്റ് പ്രവൃത്തിയ്ക്കായി നൽകിയ തുകയിൽ, വിനിയോഗ സാക്ഷ്യപത്ര പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷം തിരികെ ലഭ്യമാക്കിയ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുന്നതിനും, ഡപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി കരാർ കാലാവധിക്കുള്ളിൽ നിർവ്വഹണ ഏജൻസികൾ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും തുടർ നടപടികൾ കൈക്കൊള്ളുന്നില്ല.

16.1.2016ലെ എ.ബി.2/703/ത.സ്വ.ഭ.വ/നമ്പർ സർക്കുലർ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിലേക്ക വാങ്ങുന്ന കമ്പ്യൂട്ടറുകൾ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്ററുകൾ എന്നിവ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും അവ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി ഇപ്രകാരം രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

നഗരസഭയിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും നഗരസഭ തയ്യാറാക്കിയിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി കൃത്യമായി യോഗം ചേർന്നിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി നഗരസഭ അവലംബിച്ചു കാണുന്നു. വാങ്ങലുകൾ നടത്തുന്നതിനായി

നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, ഡി.&ഒ.ലൈസൻസ് എന്നീ ഇനങ്ങളിലെ നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് നഗരസഭ ശ്രദ്ധചെലുത്തുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) തൊഴിൽ നികുതി, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി നഗരസഭയെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്റ്റാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി)വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെ ന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഇ) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്.

എഫ്) ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജനം നൽകി ചുമതലകൾ ഏൽപ്പിക്കുന്നതിനും, ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനും, മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടും, അതുമൂലം അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-11 പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം -പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ രൂപീകരിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാറിലേർപ്പെട്ട പല പദ്ധതികളും ആ വർഷത്തിൽ തന്നെ ആരംഭിക്കാത്തതിനാൽ തുടർ വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹണം നടത്തേണ്ടി വന്നതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് പേര്/നമ്പർ | അടങ്കൽ/ഏറ്റെടുത്ത നിരക്ക് | ചെലവ് | കരാർ നം/ തീയതി | പ്രവൃത്തി ആരംഭിച്ച തീയതി | പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഡിവിഷൻ 18ലെ വിവിധ റോഡുകളുടെ റീടാറിംഗ്, 348/20 | 600000 599776.51 | 473283 | 69/18-19/ 21.8.18 | 7.5.19 | 29.5.19 |
| 2 | വാഴക്കുളങ്ങര പുൽപ്പറമ്പ് റോഡ് ടാറിംഗ്, 358/20 | 500000 440103.35 | 440103 | 64/18-19/ 21.8.18 | 2.5.19 | 29.5.19 |
| 3 | ഡിവിഷൻ 14ലെ വിവിധ റോഡുകളുടെ റീടാറിംഗ്, 353/20 | 700000 699081.52 | 699082 | 74/18-19/ 21.8.18 | 2.5.19 | 3.6.19 |
| 4 | ഡിവിഷൻ 15ലെ വിവിധ റോഡുകളുടെ റീടാറിംഗ്, 354/20 | 498698 498697.79 | 498698 | 122/18-19/ 6.9.18 | 23.9.19 | 7.11.19 |
| 5 | ഡിവിഷൻ 16ലെ വിവിധ റോഡുകളുടെ റീടാറിംഗ്, 414/20 | 500000 498708.64 | 498709 | 199/18-19/ 6.9.18 | 15.5.19 | 28.5.19 |
| 6 | ഡിവിഷൻ 22ലെ വിവിധ റോഡുകളുടെ റീടാറിംഗ്, 415/20 | 500000 499667.52 | 499667 | 77/18-19/ 21.8.18 | 22.4.19 | 6.6.19 |
| 7 | ഡിവിഷൻ 21 ലെ വിവിധ റോഡുകളുടെ റീടാറിംഗ്, 418/20 | 614000 613923.86 | 613655 | 123/18-19/ 16.9.18 | 2.5.19 | 29.5.19 |
| 8 | കെ.ടി.സി.പമ്പ് ഹൗസ് റോഡ്, 424/20 | 400000 375806.25 | 375806 | 56/18-19/ 21.8.18 | 8.5.19 | 24.5.19 |
| 9 | പൈറ്റുളിച്ചാലിൽ ചോലക്കുഴി റോഡ് സൈഡ് കെട്ട് ടാറിംഗ്, 249/20 | 500000 480732.15 | 471118 | 106/17-18/ 20.3.18 | 22.4.19 | 27.5.19 |

മേൽ പട്ടികയിൽ അവസാനത്തേതൊഴികെ ബാക്കിയുള്ളവ 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കരാറിലേർപ്പെട്ടവയാണ്. ഈ പ്രവൃത്തികളുടെയെല്ലാം സാങ്കേതികാനുമതി പ്രകാരം പരമാവധി 6 മാസമാണ് പൂർത്തീകരണ കാലാവധി. 2018-19 സാമ്പത്തിക വർഷത്തിൽ തന്നെ ആറുമാസം ലഭ്യമായിരുന്നിട്ടും പ്രവൃത്തി ആരംഭിക്കാതിരു ന്നതിന്റെ കാരണം വ്യക്തമല്ല. പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം എന്താണെന്ന് കരാറുകാരനോട് നഗരസഭ ആരായുകയോ, പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഇടപെടലുണ്ടാവുകയോ ചെയ്തിട്ടില്ല. ഈ പദ്ധതികൾ തുടർവർഷത്തിൽ പൂർത്തീകരിച്ച് തുക നൽകിയപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട പിഴയും ഈടാക്കായിട്ടില്ല. മേൽ വിവരിച്ച എല്ലാ പ്രവൃത്തികളും ഒരേ കരാറുകാരനാണ് ഏറ്റെടുത്തിരിക്കുന്നത്.

കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി. ഒ. (പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ചു നൽകാം. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. മേൽ പ്രവൃത്തികളിലൊന്നും ഇപ്രകാരം കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒരു സമയം അനുവദിക്കുന്ന ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി നൽകാവുന്ന ദീർഘീകരണ കാലാവധി ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മുകളിൽ വിവരിച്ച പ്രവൃത്തികളുടെ കാര്യത്തിൽ 1% പിഴയോടെ കാലാവധി നീട്ടിനൽകിയാൽ പോലും ഏഴര മാസമാണ് പൂർത്തീകരണ കാലാവധി. ഈ കാലയളവിനുള്ളിലും മേൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലെന്ന് കാണാം.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ തുടർവർഷത്തിൽ പദ്ധതി രൂപീകരണം മുതലുള്ള വിവിധ ഘട്ടങ്ങൾക്കായി വലിയ മനുഷ്യശേഷി വീണ്ടും ഇതിനായി വിനിയോഗിക്കേണ്ടി വന്നിട്ടുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതും, നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-12 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച്

നഗരസഭയിലെ അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്നതാണ് ലക്ഷ്യം. 2018 ൽ നിലവിൽ വന്ന ആശ്രയ പദ്ധതി ലിസ്റ്റിൽ ഉള്ള 7 ഗുണഭോക്താക്കൾക്ക് വീട് ലഭ്യമായിട്ടില്ല. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | ഡിവിഷൻനം. |
|---|---|---|
| 1 | അഷ്റഫ് .പി.കെ | 13 |
| 2 | മേരി മേക്കുഴിക്കാത്ത് | 4 |

| | | |
|---|---|---|
| 3 | പാത്തുമ്മ വളപ്പൻ തൊടിക | 4 |
| 4 | നഫീസ വാരിക്കോടൻ | 4 |
| 5 | ഗീത താഴെക്കോട്ടോൽ | 7 |
| | സിൽവി മാലിയംവീട്ടിൽ | 14 |
| 7 | ആയിഷ പുഞ്ഞാരത്ത് | 8 |

പദ്ധതി നിർവ്വഹണത്തിൽ മുന്തിയ പരിഗണന നൽകി വീട് നിർമ്മിച്ച് നൽകേണ്ട ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതും മേൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകൾ നിർമ്മിച്ച കൊടുത്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ് .

## 1-13 സ്റ്റീൽ ക്രോക്കറി വെസ്സൽ ബാങ്ക്(സ്വച്ഛഭാരത് ഡി.പി.ആർ) പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

പ്രൊജക്ട് - 161/19-20

ചെലവ് തുക - 190800( 104250-വികസന ഫണ്ട്, 86550-കേന്ദ്രഫണ്ട്)

ബിൽ നമ്പർ -461507/17.8.19,

ഡിസ്പോസിബിൽ പാത്രങ്ങൾക്ക് പകരം സ്റ്റീൽ ക്രോക്കറി പാത്രങ്ങൾ വാങ്ങി ഹരിത കർമ്മസേനയ്ക്ക് നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഹരിത കർമ്മസേന ഈ പാത്രങ്ങൾ വാടകയ്ക്ക് നൽകി വരുമാനം ഉണ്ടാക്കുന്നതിനും പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുന്നതിനുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ടെണ്ടർ നടപടികളിലൂടെ സാൻസ് കോർപ്പ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് പാത്രങ്ങൾ വാങ്ങിയത്. എന്നാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1) പാത്രങ്ങൾ വാടകയ്ക്ക് നൽകുന്നില്ല.

പദ്ധതി പ്രകാരം വാങ്ങിയ പാത്രങ്ങൾ വാടകയ്ക്ക് നൽകുന്നില്ല. 2019 ഒക്ടോബർ മുതൽ 2020 ഫെബ്രുവരി വരെ ഏതാനും ദിവസങ്ങളിൽ മാത്രമാണ് പത്രങ്ങൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. 9.2.20 ന ശേഷം പാത്രങ്ങൾ വാടകയ്ക്ക് നൽകുകയോ വരുമാനം ആർജിക്കുകയോ ചെയ്തിട്ടില്ല.

2) വാടക തുക ഹരിത കർമ്മസേനയുടെ അക്കൗണ്ടിൽ അടവാക്കിയിട്ടില്ല.

പാത്രങ്ങൾ വാടകയ്ക്ക് നൽകിയ ദിവസങ്ങളിൽ രജിസ്റ്റർ പ്രകാരം ലഭിച്ചിട്ടുള്ള തുകകൾ ബാങ്കിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പിരിച്ച തുകയുടെ വിശദാംശങ്ങൾ

| തീയതി | വരവ് തുക |
|---|---|
| രേഖപ്പെടുത്തിയിട്ടില്ല | 1250 |
| രേഖപ്പെടുത്തിയിട്ടില്ല | 500 |

| | |
|---|---|
| രേഖപ്പെടുത്തിയിട്ടില്ല | 8530 |
| 29.10.9 | 250 |
| 27.10.19 | 3450 |
| 6.11.19 | 3360 |
| 8.11.19 | 4410 |
| 22.12.19 | 6015 |
| 23.12.19 | 1300 |
| 29.12.19 | 4250 |
| 8.1.20 | 2000 |
| 11.1.20 | 4000 |
| 28.1.20 | 10500 |
| 1.2.20 | 5500 |
| 9.2.20 | 10750 |
| 9.2.20 | 2650 |
| 9.2.20 | 125 |
| ആകെ | 68840 |

3) <u>കരാറുകാരന് ക്വാട്ട് ചെയ്തതിലും അധിക നിരക്ക് അനുവദിച്ചത് വഴി 1000 രൂപ അധിക ചെലവ്.</u>

സാൻസ് കോർപ്പ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് സ്റ്റീൽ ഗ്ലാസ് ഒന്നിന് 10 രൂപയാണ് ക്വാട്ട് ചെയ്തത്. എന്നാൽ സാധനം സപ്ലൈ ചെയ്തപ്പോൾ ഗ്ലാസ് ഒന്നിന് 12.50 രൂപ വീതം അനുവദിച്ചിട്ടുള്ളതിനാൽ 1000/- രൂപ കരാറുകാരന് അധികം അനുവദിക്കേണ്ടതായി വന്നിട്ടുണ്ട്.

23.2.22 ന് സ്ഥലപരിശോധനയുടെ ഭാഗമായി പരിശോധന നടത്തിയതിൽ ഇ.എം.എസ് ഹാളിലെ ഉറന്ന പ്രവർത്തിപ്പിക്കാത്ത ഒരു കടമുറിയിൽ ഈ പാത്രങ്ങൾ പൊടി പിടിച്ച അവസ്ഥയിൽ ഉപയോഗിക്കാതെ ഇട്ടിരിക്കുന്നതിനായി കണ്ടു.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. /24/2019-20 23 .02.2022) ലഭ്യമാക്കിയ മറുപടിയിൽ പാത്രങ്ങൾ വാടകയ്ക്ക് നൽകിയ കാലയളവിൽ ഹരിത കർമ്മസേനയുടെ ചുമതലയുണ്ടായിരു ന്ന നിറവ് എന്ന സ്വകാര്യ ഏജൻസിയുടെ കോ-ഓർഡിനേറ്റർ വാടക കൈപ്പറ്റുകയും പിന്നീട് വാടകയും ടിയാന്റെ കൈവശമുണ്ടായിരുന്ന 31160 രൂപയും ഉൾപ്പെടെ 100000 രൂപ 13.11.20 ന് ഹരിത കർമ്മസേനയുടെ അക്കൗണ്ടിൽ അടച്ചതായും മറുപടി രേഖകൾ സഹിതം ഹാജരാക്കിയിട്ടുണ്ട്. നിറവ് കോ-ഓഡിനേറ്ററിൽ നിന്ന് ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ തുക അടയ്ക്കുന്നതിന് കാലതാമസം വന്ന കാലയളവിലെ പലിശ ഈടാക്കി, പാത്രങ്ങൾ വിതരണം ചെയ്ത കരാറുകാരനിൽ നിന്ന് അധികം നൽകിയ 1000 ഈടാക്കി. നിലവിൽ പാത്രങ്ങൾ പൊടിപിടിച്ച നിലയിൽ സൂക്ഷിച്ച കടമുറി വൃത്തിയാക്കി പാത്രങ്ങൾ വാടകയ്ക്ക് നൽകുന്ന ഷോപ്പ് ആക്കി പാത്രങ്ങൾ വാടകയ്ക്ക് നൽകി ഹരിത കർമ്മസേനയ്ക്ക് വരുമാനമുണ്ടാക്കുന്ന രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ പാത്രങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 190800 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-14 സർക്കാർ നിർദ്ദേശ പ്രകാരമുള്ള പദ്ധതികൾ നിർവ്വഹിക്കുന്നത് സംബന്ധിച്ച്

താഴെ പറയുന്ന പദ്ധതികൾ സർക്കാർ നിർദ്ദേശമുണ്ടായിട്ടും നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ - പദ്ധതി നടപ്പിലാക്കിയില്ല

സ.ഉ. (കൈ)39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ) 45/ 2020/ ത.സ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോടു കൂടിയ പൊതു ശുചിമുറികൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി 2000000 രൂപ വകയിരുത്തി പദ്ധതി രൂപീകരിച്ച് (496/21) ടെണ്ടർ നടപടികൾ പൂർത്തിയാക്കി ശ്രീ.സുനിൽ കുമാർ എന്ന കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി പമ്പ് റോഡിന്റെ സൈഡിൽ മിനി സിവിൽ സ്റ്റേഷന്റെ മുന്നിലായി മൂന്ന് സെന്റ് സ്ഥലം 2.11.20 ലെ ഡി.ഡി.കെ.കെ.ഡി/7512/2020-എൽ.1 ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയ്ക്കെതിരെ ശ്രീ.ശ്രീജയനും സഹോദരിമാരും ഫയൽ ചെയ്ത കേസിന്റെ വിധിയിൽ (17.3.21 ലെ W.P.(C)6434/20-21(D) നമ്പര്) ടിയാളുടെ വസ്തുവിന്റെ നിലവിലുള്ള 13.3. മീറ്റർ വഴി തടസ്സപ്പെടുത്തി യാതൊരു നിർമ്മാണവും പാടില്ല എന്നുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിച്ചെങ്കിലും തൽപ്പര കക്ഷികളുടെ പ്രതിഷേധത്തെത്തുടർന്ന് നിർമ്മാണം നിർത്തിവയ്ക്കുകയാണ് ഉണ്ടായത്. 27.4.21 ൽ ഈ കേസിൽ 16.4 മീറ്റർ വഴി ഒഴിവാക്കി നിർമ്മാണം നടത്താൻ ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. 12.11.21 ൽ കക്ഷികളുമായി നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ 3.12.21 ൽ ജില്ലാ കലക്ടറുടെ Dckkd/2089/21/N4 പ്രവൃത്തി ആരംഭിയ്ക്കാൻ നിർദ്ദേശമുണ്ട്. 23.2.22 ന് സ്ഥല സന്ദർശനം നടത്തിയതിൽ ടേക്ക് എ ബ്രേക്കിന് അനുയോജ്യമായ ഈ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം ആരംഭിച്ച അവസ്ഥയിലാണ് ഉള്ളത്. കേസ് നൽകിയ കക്ഷികൾക്ക് പൊതു നിരത്തുമായി കുറച്ച് മാറിയുള്ള സ്ഥലത്ത് വഴി സൗകര്യം ഉള്ള അവസ്ഥയിലാണ്. സർക്കാരിൽ നിന്നും കർശന നിർദ്ദേശങ്ങൾ ഉണ്ടായിട്ടും പദ്ധതി പ്രവൃത്തി ആരംഭിയ്ക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കേസിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതുമാണ്. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 19/2019-20 23.02.2022) ലഭ്യമാക്കിയ മറുപടിയിൽ കോടതി നിർദ്ദേശാനുസരണം പ്രവൃത്തി പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. കോടതിയിൽ അനുകൂല വിധി ലഭ്യമാക്കാൻ അനുയോജ്യമായ നടപടികൾ സ്വീകരിച്ച് അനുകൂലമായ വിധി നേടി ടേക്ക് എ ബ്രേക്ക് നിർമ്മാണം പൂർത്തിയാക്കേണ്ടതും അല്ലാത്ത പക്ഷം പുതിയ സ്ഥലം കണ്ടെത്തി നിർമ്മാണം പൂർത്തീകരിക്കേണ്ടതുമാണ്.

2) ജൈവ വൈവിധ്യ ബോർഡിന്റെ നിർദ്ദേശ പ്രകാരം പദ്ധതികൾ നടപ്പിലാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തി.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ (KSBB) 6.10.18 ലെ 2414/A5/ 20-18/KSBB നമ്പർ ഉത്തരവ് പ്രകാരം കേരളം നേരിട്ട പ്രളയം ഉരുൾപൊട്ടൽ എന്നീ പ്രകൃതി ദുരന്തങ്ങളെ ഫലപ്രദമായി നേരിടുന്നതിന് പരിസ്ഥിതി ജൈവ ആവാസ വ്യവസ്ഥ കളെക്കുറിച്ച് പഠിക്കുക ആവാസവ്യവസ്ഥകളെ വിണ്ടെടുക്കുക തുടങ്ങിയ ലക്ഷ്യങ്ങൾക്കായു ള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതും BMC (ജൈവവൈവിധ്യ കമ്മറ്റി) യുടെ മേൽ നോട്ടത്തിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതുമാണ് . 10 ലക്ഷം രൂപയുടെ പദ്ധതി നഗരസഭ തയ്യാറാക്കി സമർപ്പിച്ചാൽ 5 ലക്ഷം രൂപ KSBB നൽകും എന്നതായിരുന്നു വ്യവസ്ഥ. എന്നാൽ നഗരസഭയിലെ BMC ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

മേൽ പദ്ധതികൾ പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി ലക്ഷ്യം കൈവരിക്കുന്നത് സംബന്ധിച്ച്

മുക്കം നഗരസഭയിൽ 5 DPR കളിലായി നടന്നുവരുന്ന പി.എം.എ. വൈ ലൈഫ് ഭവനനിർമ്മാണ പദ്ധതി നഗരസഭയിൽ എല്ലാർക്കും പാർപ്പിടം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ്. ഇതിൽ 66 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| DPR | ആകെ കരാർ വച്ച ഗുണഭോക്താക്കൾ | ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾ | റിമാർക്ക്സ് |
|---|---|---|---|
| 1 | 126 | 6 | ഇതിൽ 4 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് മുൻപ് വീട്ടിൽ താമസം തുടങ്ങിയിട്ടുണ്ട് |
| 2 | 184 | 8 | ഇതിൽ 7 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് മുൻപ് വീട്ടിൽ താമസം തുടങ്ങിയിട്ടുണ്ട് |
| 3 | 66 | 2 | ഇതിൽ 4 ഗുണഭോക്താക്കൾ ഭവന നിർമ്മാണം |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുന്നതിന് മുൻപ് വീട്ടിൽ താമസം തുടങ്ങിയിട്ടുണ്ട്. |
| 4 | 153 | 14 | |
| 5 | 112 | 36 | |

കൂടാതെ മേൽ ലിസ്റ്റിൽ 4ാം ഡി.പി.ആറിൽ ഉൾപ്പെട്ട ശ്രീ. സുലോചന മുത്തേരി, ശ്രീമതി.ഷിനി.എം, നെടുമങ്ങാട്, ശ്രീ.സുചീഷ്.കെ നെടുമങ്ങാട്, ശ്രീ.വിനോദ് പൊറ്റശ്ശേരി എന്നീ ഗുണഭോക്താക്കൾ 40000 രൂപ വീതം കൈപ്പറ്റുകയും ഭവന മിർമ്മാണ പ്രവൃത്തി ആരംഭിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്.

ലിസ്റ്റിൽ ഉൾപ്പെട്ട ചില ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടില്ല. ചില ഉദാഹരണങ്ങൾ ഡി.പി.ആർ 1 ലെ ക്രമ നമ്പർ 53 ശ്രീമതി.കുട്ടിച്ചിര.ടി, ഡി.പി.ആർ 2 ലെ ക്രമ നമ്പർ 6 ശ്രീമതി.പാത്തുമ്മ, 71. ശ്രീമതി. അതിരടി

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-16 വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ വീഴ്ച

2019-20 വർഷത്തിൽ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നിർവ്വഹണ രേഖകൾ പൂർണമായി പരിശോധനയ്ക്ക് ഹാജരാക്കിയില്ല .

ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ പദ്ധതി നിർവ്വഹണത്തിന്റെ രേഖകൾ പൂർണമായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതി | ചെലവ് തുക | ബിൽ നമ്പർ തിയ്യതി | റിമാർക്ക്സ് |
|---|---|---|---|
| 154/19-20<br>പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് | 371382<br>വികസന ഫണ്ട് എസ്.സി.പി | 337620-4/30.12.19<br>33762- 6/27.3.20 | ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിന് അവരുടെ അപേക്ഷകളും അനുബന്ധ രേഖകളും, ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ രേഖകൾ അവ വിദ്യാർഥി |

| | | | |
|---|---|---|---|
| | | | കൾക്ക് വിതരണം ചെയ്തതിന്റെ രേഖ കൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 153/19-20<br>പട്ടിക ജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് | 303858<br>വികസന ഫണ്ട് എസ്.സി.പി | 3/30.12.19 | ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കുന്നതിന് അവരുടെ അപേക്ഷ കളും അനുബന്ധ രേഖകളും, ലാപ്ടോപ്പുകൾ വാങ്ങിയ തിന്റെ രേഖകൾ അവ വിദ്യാർത്ഥി കൾക്ക് വിതരണം ചെയ്തതിന്റെ രേഖ കൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 172/19-20<br>എസ്.എസ്.എ വിഹിതം അടവാക്കൽ (എസ്.സി) | 400000<br>വികസന ഫണ്ട് എസ്.സി.പി | 337620-4/30.12.19<br>1/20.7.2019 | പദ്ധതിയിടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 435/19-20<br>സ്മാർട്ട് ക്ലാസ് റൂം -2 | 437440<br>റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 2/23.9.19 | പദ്ധതി നടപ്പി ലാക്കിയത് എങ്ങ നെ എന്ന് വ്യക്തമാ ക്കുന്ന രേഖകൾ (ടെണ്ടർ രേഖകൾ, സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപി ച്ച സ്ഥാപനം, സ്ഥാപിച്ചത് ഏത് സ്കൂളിൽ , ഇൻസ്റ്റലേ ഷൻ റിപ്പോർട്ട് എന്നിവ) പരിശോ ധനയ്ക്ക് ഹാജരാക്കി യിട്ടില്ല. |
| ആകെ | 1512680 | | |

2) പദ്ധതി നിർവ്വഹണത്തിൽ വീഴ്ച

പൊതു വിദ്യാലയങ്ങളുടെ ശാക്തീകരണം എന്ന ലക്ഷ്യത്തോടെ നഗരസഭ വിദ്യാഭ്യാസ വർക്കിങ്ങ് ഗ്രൂപ്പ് പല പദ്ധതി നിർദ്ദേശങ്ങളും മുന്നോട്ട് വയ്ക്കുകയും 15 പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. വിശദമായ അവസ്ഥാ വിശകലനങ്ങൾ നടത്തിയാണ് ഈ പദ്ധതികൾ തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ പദ്ധതികൾ പൂർണ തോതിൽ നിർവ്വഹണം നടത്തുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുണ്ട്. 15 പദ്ധതികളിൽ 5 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. 5753357 രൂപ വകയിരുത്തിയതിൽ 1532680 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (26.6%).പദ്ധതി നിർവ്വഹണത്തിലെ ഈ വീഴ്ചകളെ സംബന്ധിച്ച് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയോ വർക്കിംഗ് ഗ്രൂപ്പോ യാതൊരു ചർച്ചകളും നടത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 20/2019-20 23.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിൽ പരാമർശിച്ച രേഖകൾ പൂർണ്ണമായി പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 1512680 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-17 പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

നഗരസഭ സ്വച്ഛഭാരത് പദ്ധതിയുടെ ഭാഗമായി താഴെകാണിച്ച പ്രകാരം 5 പദ്ധതികളി ലായി ഗുണഭോക്താക്കൾക്ക് ബയോഗ്യാസ് പ്ലാന്റ് റിങ്ങ് കമ്പോസ്റ്റ് യൂണിറ്റ് എന്നിവ ലഭ്യമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ ഫയലുകൾ പരിശോ ധിച്ചതിൽ പദ്ധതി പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

| പദ്ധതി | ചെലവ് തുക | റിമാർക്സ് |
|---|---|---|
| 156/2019-20 ബയോഗ്യാസ് പ്ലാന്റ് എസ്.സി | 697450 (80282, 84/12.3.20, 22664/ 17.3.20, 79481,86,89/ 30.1.20, 19021,30/14.2.20) | പദ്ധതി നിർവ്വഹണ ഏജൻസിയായ IRTC-പാലക്കാടിന് തുക നൽകി. പദ്ധതി പൂർത്തിയായിട്ടില്ല. ഗുണഭോക്താക്കൾക്ക് പ്ലാന്റ് സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | |
|---|---|---|
| 157/2019-20 ബയോഗ്യാസ് പ്ലാന്റ് പി.എം.എ.വൈ | 467700 (80337,38/12.3.20,19020/ 14.1.20,19031/14.2.20) | -ടി- |
| 151/2019-20 ബയോഗ്യാസ് പ്ലാന്റ് . | 2699600 (119019/ 14.1.20,119029/14.2.29,34,35,36,37 /20.3.20,10/10.10.19,13,14/20.1.20) | -ടി- |
| 158/2019-20 റിങ്ങ് കമ്പോസ്റ്റ് | 122500 (52087/17.3.20, | -ടി- |
| 160/2019-20 ബയോഗ്യാസ് പ്ലാന്റ് പി.എം.എ.വൈ | 61250 (19022/14.1.20,22643/17.3.20) | -ടി- |
| ആകെ ചെലവ് | 4048500 | |

23.2.22 ന് സ്ഥല പരിശോധനയുടെ ഭാഗമായി ശ്രീമതി. അജിത പ്രകാശ്, ശ്രീനിലയം എന്ന ഗുണഭോക്താവിന്റെ വീട് സന്ദർശിച്ചതിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാതെ മുറ്റത്ത് വച്ച് നശിക്കുന്ന അവസ്ഥയിലാണ് കണ്ടത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 21/2019-20 23.02.2022) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് ഹാജരാക്കമെന്ന് അറിയിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഹാജരാക്കുന്നതുവരെ ചെലവ് തുക 4048500 തടസ്സത്തിൽ വയ്ക്കുന്നു.

1-18 കടിവള്ള വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 02.03.2019 ലെ (സാധാ) 500/2019/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവു പ്രകാരം 2019-20 വർഷത്തിൽ മാർച്ച് മാസം മുതൽ ജൂൺ മാസം വരെ കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിൽ 06.04.19 മുതൽ 17.5.19 വരെ വരൾച്ചാ ദുരിതാശ്വാസ ത്തെിന്റെ ഭാഗമായി കുടിവെള്ളം വിതരണം ചെയ്തതിന് 1551650/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചെലവ് തുക ഐ .കെ.എം ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല .

പ്രോജക്ട് നമ്പർ 155/19-20 വരൾച്ച കുടിവെള്ള വിതരണം എന്ന പദ്ധതിയിൽ തനത് ഫണ്ട് 1600000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഐ.കെ.എം ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവ് കാണിച്ചിരിക്കുന്നത്

പൂജ്യം ആണ്. എന്നാൽ ഈ പദ്ധതിയ്ക്ക് താഴെ കാണിച്ച പ്രകാരം 1551680 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ , തിയ്യതി | തുക |
|---|---|
| 1454461/23.1.20 | 500000 |
| 1454462/23.1.20 | 500000 |
| 1454463/29.1.20 | 500000 |
| 1454464/29.1.20 | 51680 |
| ആകെ | 1551680 |

2) കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്തനിവാരണനിധിയിൽ നിന്ന് തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിച്ചില്ല

കേരള മുനിസിപ്പാലിറ്റി നിയമം 30 (1) ാം വകുപ്പ് ഒന്നാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ളസ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് നഗരസഭയുടെ അനിവാര്യ ചുമതലയും അതത് മുനിസിപ്പൽ അതിർത്തിയ്ക്കുള്ളിലുള്ള ജലവിതരണ പദ്ധതികൾ പരിപാലിക്കുക സംവിധാനപ്പെടുത്തുക എന്നത് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം നടത്തേണ്ടത് നഗരസഭയുടെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീരുപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി LSGD-FM3/262/ 2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം നഗരകാര്യ ഡയറക്ടറെ അറിയിച്ചു.

കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീരുപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 1551680 /- രൂപ തനത്ഫണ്ട് പഞ്ചായത്തിന് നഷ്ടമാകുന്ന അവസ്ഥയുണ്ട്. തുക തിരികെ ലഭിക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകി തുക ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

3) കുടിവെള്ള വിതരണത്തിലെ ആധികാരികത പരിശോധിക്കാതെ ജലവിതരണം

ജില്ലാതല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തുന്നതിന് GPS ട്രാക്കിങ്ങിനുള്ള സംവിധാനം നഗരസഭ ഏർപ്പെടുത്തിയിട്ടുണ്ട് . GPS ലോഗും വാഹന ലോഗും പരിശോധന നടത്തി സുതാര്യത ഉറപ്പുവരുത്തിയാണ് തുക അനുവദിക്കേണ്ടത്. എന്നാൽ GPS ലോഗും വാഹന ലോഗും സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവ താരതമ്യം ചെയ്ത് അല്ല ചെലവ് തുക കണക്കാക്കിയിട്ടുള്ളത്. കുടിവെള്ളം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ, വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് എന്നിവ ചാർജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4)ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സർക്കാർ നിർദ്ദേശ പ്രകാരമല്ല

23.02.2017ലെ (സാധാ) 787/2017/എൽ.എസ്.ജി.ഡി നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക.4(g) പ്രകാരം ജലവിതരണത്തിന് കിലോമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കേണ്ടതെന്നും ജില്ലാ കലക്ടർ നിർണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ആണ് ജലവിതരണം നടത്തേണ്ടത് എന്നും നിർദ്ദേശിക്കുന്നുണ്ട് . എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല ദർഘാസ് പരസ്യം നൽകിയത്. ടെണ്ടറിൽ പങ്കെടുത്തവർ ലിറ്ററിന് എത്ര എന്ന നിരക്കാണ് രേഖപ്പെടുത്തിയത്. കരാർ

ഏറ്റെടുത്ത ശ്രീ. ബിജേഷ് കുമാർ 1000 ലിറ്ററിന് 600 രൂപ എന്ന നിരക്കിലാണ് ജലവിതരണം നടത്തിയിട്ടുള്ളത്.

5.വിതരണം ചെയ്ത കുടിവെള്ളത്ത 1ന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയില്ല .

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food BusinessOperator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളി ൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കൂടാതെ വിതരണം ചെയ്ത കുടിവെള്ളം ഗുണനിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടിവെള്ള വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി 6 വാഹനങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കുറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിംഗോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശോധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല. .

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 23/ 2019 -20 തീയതി 23.2.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

1-19 ഹരിത കർമ്മസേന -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നഗരസഭയിലെ ഹരിത കർമ്മ സേനയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതി ൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ഹരിത കർമ്മസേനയുമായി ബന്ധപ്പെട്ട് നഗരസഭാ ഹെൽത്ത് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ നടപ്പിലാ ക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| പദ്ധതി | ചെലവ് തുക | റിമാർക്ക്സ് |
|---|---|---|
| 165/19-20 -ഹരിത സേന | 750000<br>250000 -വികസന ഫണ്ട്<br>500000 -തനത് | പ്രൊജക്ട് ഫയലുകൾ പൂർണമായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.പ്രൊജക്ടും സാംഖ്യ ബില്ലുകളും മാത്രമാണ് പരശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത് . പദ്ധതി നടത്തിപ്പിലെ അനുബന്ധ രേഖകൾ പരിശോധനയ്ക്ക് |

| | | |
|---|---|---|
| | ഫണ്ട് | ഹാജരാക്കേണ്ടതാണ്. |
| 443/19-20 – ഹരിത സേന (സ്പിൽ ഓവർ) | 28207 – വികസന ഫണ്ട് | ടി |
| ആകെ | 778207 | |

2) ഹരിത കർമ്മസേന വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

നഗരസഭയിൽ 38 ഹരിതസേനാംഗങ്ങൾ പിരിച്ചെടുക്കുന്ന തുകകളുടെ ഒടുക്ക് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. യൂസർ ഫീസ് പിരിക്കുന്നതിനായി അച്ചടിക്കുന്ന രശീതി ബുക്കുകൾ സ്റ്റോക്കിൽ എടുത്തല്ല ഉപയോഗിക്കുന്നത്. അച്ചടിച്ച രശീതികൾ എത്രയെന്ന് വ്യക്തമല്ല. പരിച്ചെടുക്കുന്ന തുകകൾ ബാങ്ക് അക്കൗണ്ടിൽ അടയ്ക്കാതെ ചെലവഴിക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ഉദാഹരണത്തിന് 30.9.20ന് കാഷ് ബുക്ക് പ്രകാരം കൈവശം ഉണ്ടായിരുന്ന 198095 രൂപയിൽ 171017 രൂപ ബാങ്കിൽ അടയ്ക്കാതെ നേരിട്ട് ചെലവഴിച്ചതായി കാണുന്നു. അതാതു ദിവസത്തെ പിരിവു തുകകൾ അതാതു ദിവസം തന്നെ ബാങ്കിൽ അടയ്ക്കാറില്ല.

3) എം.സി. എഫ് കെട്ടിടം നിർമ്മിച്ചില്ല

മാലിന്യ നിർമ്മാർജനത്തിനായി ഒരു എം.സി.എഫ് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം കണ്ടെത്തുന്നതിനോ കെട്ടിടം നിർമ്മിക്കുന്നതിനോ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. മുൻപ് എം.സി.എഫ് ആയി ഉപയോഗിച്ചിരുന്ന നഗരസഭാ ഓഫീസിന്റെ മുകൾ ഭാഗം ഫയർ ഫോഴ്സിന്റെ ഇടപെടലിനെ തുടർന്ന് നിർത്തി വയ്ക്കേണ്ടി വന്നിട്ടുണ്ട്. യാതൊരു മുന്നൊരുക്കവും പരിശോധനയും നടത്താതെ നഗരസഭാ ഓഫീസിനുമുകളിൽ എം.സി.എഫ് നിർമ്മിച്ച് ഉപയോഗിക്കാതെ ആയത് പാഴ് ചെലവിന് കാരണമായിട്ടുണ്ട് . നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതും വേർതിരിക്കു ന്നതും ഉപയോഗ യോഗ്യമായത് വിൽക്കുന്നതും മറ്റും ഹോനായി ഗ്രൂപ്പ് എന്ന സ്വകാര്യ സ്ഥാപനം വഴിയാണ്. ഇവിടെ ഹരിത കർമ്മസേനാംഗങ്ങൾക്ക് വരവ് കുറയുകയും ചെലവ് കൂടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്.

3) ഉപയോഗിക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തില്ല

മുൻ വർഷങ്ങളിൽ ഹരിതകർമ്മ സേന പണമിടപാടുകൾ നടത്തുന്നതിന് 6 ബാങ്ക് അക്കൗണ്ടുകൾ ഉപയോഗിച്ചിരുന്നു. പിന്നീട് പണമിടപാടുകളെല്ലാം ഒരു ബാങ്ക് അക്കൗണ്ട് വഴിയാക്കി യിട്ടും മുൻപ് ഉപയോഗിച്ചിരുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുകയോ അതിലുണ്ടാ യിരുന്ന തുകകൾ പ്രസ്തുത അക്കൗണ്ടിലേക്ക് മാറ്റുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹരിത കർസേന | ബാങ്ക് അക്കൗണ്ട് | നീക്കിയിരിപ്പ് തുക |
|---|---|---|
| ഋതു ഹരിതം | ഗ്രാമീണ ബാങ്ക് 40666101033393 | 1104 |
| നിത്യഹരിതം | ഗ്രാമീണ ബാങ്ക് 40666101037366 | 1135 |
| യുവ ഹരിതം | ഗ്രാമീണ ബാങ്ക് 40666101037375 | 4997 |
| ശുഭ ഹരിതം | മുക്കം സഹകരണ ബാങ്ക് | 1142 |

| | | |
|---|---|---|
| | 102100010017211 | |
| പുന ഹരിതം | മുക്കം സഹകരണ ബാങ്ക് 102100010017212 | 1722 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18 /2019-20 23.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത കൾക്ക് തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതും അപാകതക ൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കാത്തതിനാൽ 7,78,207 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-20 തനതുഫണ്ട് വകയിരുത്തി തയ്യാറാക്കിയ പദ്ധതിയുടെ ഫണ്ടിനം മാറ്റി തുക നൽകുന്നു

നഗരസഭകളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സർക്കാർ ഉത്തരവ്(കൈ) നം.17/2018/ത.സ്വ.ഭ.വ., തിയ്യതി:02.02.2018യിലെ ഖണ്ഡിക 5.1.3 പ്രകാരം തനതു/പൊതുആവശ്യഫണ്ടിൽ നിന്ന് നിർവ്വഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബഡ്ജറ്റിൽ മാറ്റി വച്ചശേഷം മിച്ചമുള്ള തുക തനതുഫണ്ട് എന്ന സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താം. ഖണ്ഡിക 5.1.5പ്രകാരം, ഇപ്രകാരം തനതുഫണ്ട് വകയിരുത്തി അംഗീകാരം നേടിയ പ്രോജക്ടുകളിൽ തനതുഫണ്ടിനു പകരം മറ്റ് സ്രോതസ്സുകൾ വകയിരുത്തുന്ന രീതിയിൽ ഭേദഗതി ചെയ്യാൻ പാടില്ല. എന്നാൽ ഓഡിറ്റ് വർഷത്തിൽ ചെലവ് നടന്ന പല പദ്ധതികളുടേയും ഫണ്ടിനം മേൽ ഉത്തരവിന് വിരുദ്ധമായി ഭേദഗതി ചെയ്ത് ചെലവു നടത്തിയതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

2017-18, 2018-19 എന്നീ വർഷങ്ങളിൽ തനതുഫണ്ട് വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനായി തയ്യാറാക്കിയ വിവിധ പദ്ധതികൾക്ക് (മുൻവർഷം പ്രവൃത്തി പൂർത്തീകരിച്ചവയും, തൻവർഷം നിർവ്വഹണം നടത്തിയവയും) തുക നൽകിയിരിക്കുന്നത് 2019-20 വർഷത്തിലാണ്. ഇപ്രകാരം തുക നൽകിയ വിവിധ പ്രോജക്ടുകൾ പരിശോധിച്ചതിൽ വകയിരുത്തിയ തനതുഫണ്ടിനു പകരം പ്രോജക്ടിൽ മാറ്റം വരുത്തി/പുതിയ പദ്ധതിയായി രൂപീകരിച്ച് മറ്റു ഫണ്ടുകൾ ഉൾപ്പെടുത്തി തുക നൽകിയിരിക്കുന്നു. കൂടാതെ 2019-20വർഷത്തിൽ സ്പിൽഓവർ പദ്ധതിയുണ്ടായിട്ടും ആ പദ്ധതിയിൽ തുക നൽകാതെ പുതിയ പദ്ധതി രൂപീകരിച്ച് ഫണ്ടിനം മാറ്റി തുക നൽകിയതും കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

1. സ്പിൽഓവർ പദ്ധതിയാക്കേണ്ടതിനു പകരം ഫണ്ടിനം മാറ്റി പുതിയ പദ്ധതി രൂപീകരിച്ചവ

| ക്രമ നം | പ്രോജക്ട് പേര് | തയ്യാറാക്കിയ വർഷം | അടങ്കൽ / ഫണ്ടിനം | 2019-20ലെ പ്രോജക്ട് വിവരം | അടങ്കൽ /ഫണ്ടിനം | ചെലവ് |
|---|---|---|---|---|---|---|
| 1 | തെക്കേതൊടികയിൽ റോഡ് സൈഡ് കെട്ട് ഫില്ലിംഗ് | 2018-19 | 500000 തനതുഫണ്ട് | 422/20 പുതിയ പ്രോജക്ട് | 500000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 499360 |
| 2 | പൂവ്വാട്ട് തച്ചംപറ്റക്കണ്ടി റോഡ് ടാറിംഗ് | 2018-19 | 250000 തനതുഫണ്ട് | 423/20 പുതിയ പ്രോജക്ട് | 250000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 245140 |

| | | | | | | |
|---|---|---|---|---|---|---|
| 3 | വേനപ്പാറ ചായ്പ്പിൽ റോഡ് | 2018-19 | 300000 തനതുഫണ്ട് | 426/20 പുതിയപ്രോജക്ട് | 300000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 256858 |
| 4 | പൂവ്വാട്ട് തച്ചംപറ്റക്കണ്ടി റോഡ് സൈഡ് കെട്ട് ടാറിംഗ് | 2017-18 | 120000 തനതുഫണ്ട് | 427/20 പുതിയപ്രോജക്ട് | 120000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 120000 |
| 5 | എൻ.ആർ.എച്ച്.എം.ന് തുക നൽകൽ | 2017-18 | 100000 തനതുഫണ്ട് | 430/20 പുതിയപ്രോജക്ട് | 100000 സംരക്ഷണഗ്രാന്റ് റോഡിതരം | 100000 |
| 6 | ബസ് സ്റ്റാന്റ് വെയിംറ്റിംഗ് ഷെഡ് | 2017-18 | 200000 തനതുഫണ്ട് | 431/20 പുതിയപ്രോജക്ട് | 200000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 199980 |
| 7 | മിനി പഞ്ചാബ് മുത്താപ്പമ്മൽ റോഡ് കൾവെർട്ട് | 2018-19 | 200000 തനതുഫണ്ട് | 434/20 പുതിയപ്രോജക്ട് | 200000 സംരക്ഷണ ഗ്രാന്റ് റോഡ് | 172649 |
| 8 | കുന്നത്ത് അമ്പലം പുതിയേടത്ത് റോഡ് കൾവെർട്ട് | 2018-19 | 298116 തനതുഫണ്ട് 301884 സംരക്ഷണ ഗ്രാന്റ് റോഡ് | 433/20 പുതിയ പ്രോജക്ട് | 600000 സംരക്ഷണ ഗ്രാന്റ് റോഡ് | 489757 |
| 9 | പൈറ്റൂളിച്ചാലിൽ ചോലക്കുഴി റോഡ് സൈഡ് കെട്ട് ടാറിംഗ് | 2017-18 | 500000 തനതുഫണ്ട് | 429/20 പുതിയപ്രോജക്ട് | 79000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് 421000തനതുഫണ്ട് | 79000 392118 |
| 10 | കെ.എം.സി.ടി.ചെരിക്കലോട്ട്റോഡ് സൈഡ് കെട്ട് ടാറിംഗ് | 2017-18 | 375000 തനതുഫണ്ട് | 428/20 പുതിയപ്രോജക്ട് | 100000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് 274000 തനതുഫണ്ട് | 2019-20ൽ ചെലവില്ല |
| 11 | കാഞ്ഞിരമുഴി സാംസ്കാരിക നിലയം | 2018-19 | 49000 തനതുഫണ്ട് | 386/20 സ്പിൽഓവർ | 48672 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 48672 |
| 12 | മംഗലശ്ശേരി സാംസ്കാരിക നിലയം | 2018-19 | 40000 തനതുഫണ്ട് | 387/20 സ്പിൽഓവർ | 39705 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 39705 |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ ക്രമനമ്പർ 4, 5, 6, 11, 12എന്നീ പ്രവൃത്തികൾ 2018-19സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിച്ചതായി കാണുന്നു. ബാക്കി പ്രവൃത്തികൾ 2019-20 വർഷത്തിൽ പൂർത്തീകരിച്ചു. 2018-19 വർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടും പ്രസ്തുത വർഷം തുക നൽകാതിരുന്നതെന്തെന്ന് വ്യക്തമല്ല. അവസാന രണ്ടു പദ്ധതികളൊഴികെ ആദ്യ പത്തു പദ്ധതികളും പുതിയ പദ്ധതിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. മുൻ വർഷത്തിൽ നിലവിലുണ്ടായിരുന്ന പദ്ധതികൾ പുതിയ പദ്ധതിയായി വിഭാവനം ചെയ്യാനുണ്ടായ സാഹചര്യവും, ഫണ്ടിനം മാറ്റാനുണ്ടായ

സാഹചര്യവും വ്യക്തമല്ല.

2. സ്പിൽഓവർ പദ്ധതിയുണ്ടായിട്ടും പുതിയ പ്രോജക്ട് തയ്യാറാക്കി തുക നൽകിയവ

| ക്രമ നം | സ്പിൽഓവർ പദ്ധതി വിശദാംശം | | പുതിയ പദ്ധതിയുടെ വിശദാംശം | | |
|---|---|---|---|---|---|
| | പ്രോജക്ട് പേര്/നമ്പർ | അടങ്കൽ/ഫണ്ടിനം | പ്രോജക്ട് പേര്/നമ്പർ | അടങ്കൽ/ഫണ്ടിനം | ചെലവ് (എ.സി.ആർ) |
| 1 | ഉള്ളുംപുറം അംഗൻവാടി നിർമ്മാണം, 403/20 | 561577 തനതുഫണ്ട് | ഉള്ളുംപുറം അംഗൻവാടി നിർമ്മാണം തുകനൽകൽ, 484/20 | 562000/- 147000-ധനകാര്യകമ്മീഷൻ ഗ്രാന്റ് 415000-തനതുഫണ്ട് | 147000/- (ബിൽ നം.194/23.11.19) 403148/-(ബിൽ നം. 195/23.11.19) |
| 2 | അഭിലാഷ് ജംഗ്ഷൻ ഉക്കപാലം റോഡ് കോൺക്രീറ്റ് , 391/20 | 500000 തനതുഫണ്ട് | അഭിലാഷ് ജംഗ്ഷൻ ഉക്കപാലം റോഡ് കോൺക്രീറ്റ് തുകനൽകൽ, 482/20 | 412000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 399713/-(ബിൽ നം.17/11.4.20) |
| 3 | കണ്ടംകുളങ്ങര വാർഡ് വിജ്ഞാനകേന്ദ്രം നിർമ്മാണം, 371/20 | 500000 തനതുഫണ്ട് | കണ്ടംകുളങ്ങര വാർഡ് വിജ്ഞാനകേന്ദ്രം പൂർത്തീകരണം തുകനൽകൽ, 483/20 | 441000/-ധനകാര്യകമ്മീഷൻ ഗ്രാന്റ് | 440893/-(ബിൽ നം.316/22.01.20) |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിനു മുമ്പേ നിർമ്മാണങ്ങൾ/പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് കാണുന്നു. സ്പിൽഓവർ പദ്ധതിയുണ്ടായിട്ടും അതിൽ ചെലവു നടത്താതെ ഫണ്ടിനം മാറ്റി പുതിയ പദ്ധതി തയ്യാറാക്കി ബിൽതുക നൽകിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

മേൽ വിവരിച്ച സാഹചര്യങ്ങൾ വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഫണ്ടിനം മാറ്റി ചെലവു ചെയ്യാനുണ്ടായ സാഹചര്യവും, പ്രവൃത്തി പൂർത്തീകരണ ശേഷം പുതിയ പദ്ധതി തയ്യാറാക്കി തുക നൽകിയതും, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർവർഷങ്ങളിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-21 തനതുഫണ്ട് പിരിച്ചെടുക്കുന്നതിൽ അലംഭാവം കാണിക്കുമ്പോൾ വൻതുക വാർഷിക പദ്ധതിയിൽ വകയിരുത്തി ചെലവഴിക്കുന്നു

നഗരസഭയിൽ ഒരോ വർഷവും വൻതുകയാണ് വാർഷിക പദ്ധതികൾക്കായി തനതുഫണ്ട് വകയിരുത്തുന്നതും ചെലവഴിക്കുന്നതും. 2018-19 മുതൽ 2021-22 വർഷം വരെ വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് |
|---|---|---|

| | | |
|---|---|---|
| 2018-19 | 9,74,54,784 | 3,87,64,084 |
| 2019-20 | 7,06,24,041 | 2,17,29,639 |
| 2020-21 | 8,91,51,853 | 3,62,67,624 |
| 2021-22 | 7,08,92,471 | 5558156* |

* 23.02.2022 വരെയുള്ള കണക്ക്.

ഈ വർഷങ്ങളിലെ വാർഷിക കണക്കുകൾ പരിശോധിച്ചാൽ, നഗരസഭയുടെ തനതുഫണ്ടായി കണക്കാക്കാവുന്ന വിവിധ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് താഴെ ചേർക്കും പ്രകാരമാണെന്ന് കാണാം.

| വർഷം | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| കനറാ ബാങ്ക് 498 | 1625878 | 19688 | 19032 |
| ICICI ബാങ്ക് 0039 | 3551 | 95387 | 23339 |
| ICICI ബാങ്ക് സാലറി | 2519249 | 642095 | 4499012 |
| SCB മുക്കം | 6767654 | 1765554 | 1198453 |
| SCB മുക്കം Old | 599691 | 626677 | 626677 |
| SBI പെൻഷൻ | 3684576 | 13116385 | 36981 |
| KMGB FD | - | 14706 | 15176 |
| SBI E Payment | - | - | 617407 |
| ട്രഷറി | 3852017 | 4831183 | 439840 |
| ആകെ | 1,90,52,616 | 2,11,11,675 | 74,36,077 |

2018-19 ൽ സ്ഥിര നിക്ഷേപമായി ഉണ്ടായിരുന്ന 93,75,291/- രൂപ കൂടി കണക്കിലെടുത്താൽ ആകെ നീക്കിയിരിപ്പ് 28427907/-രൂപയായി കണക്കാക്കാം. 2019-20 വർഷത്തിൽ മേൽ സ്ഥിരനിക്ഷേപം പിൻവലിച്ച് പലിശയടക്കം 1,03,23,762 രൂപ തനതുഫണ്ടിലേയ്ക്ക് മുതൽകൂട്ടിയിട്ടുണ്ട്. ഈ തുക കൂടി ഉൾപ്പെട്ടതാണ് മുകളിൽ വിവരിച്ച 2111675/-രൂപ. 2020-21 വർഷമാകുമ്പോഴേക്കും കയ്യിലുള്ള നീക്കിയിരിപ്പ് വെറും 79,11,932/-( 74,36,077+475855 കാഷ് ഇൻ ഹാന്റ്) രൂപയായി കുറഞ്ഞിരിക്കുന്നു. ഈ അവസ്ഥയിലും 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ തനതുഫണ്ട് വകയിരുത്തിയിരിക്കുന്നത് 7,08,92,471 /-രൂപയാണ്.

നഗരസഭയുടെ പ്രധാന വരുമാനം വസ്തുനികുതിയാണ്. മേൽ വർഷങ്ങളിലെ ബാലൻസ് ഷീറ്റ് പ്രകാരം ഒരോ വർഷത്തിലും പിരിഞ്ഞുകിട്ടാൻ അവശേഷിക്കുന്ന വസ്തുനികുതിയുടെ വിവരം ചുവടെ കൊടുക്കുന്നു.

| വർഷം | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| വസ്തുനികുതി തൻവർഷം | 39,99,678 | 1,13,50,489 | 1,27,58,366 |

| | | | |
|---|---|---|---|
| വസ്തുനികുതി കുടിശ്ശിക | 8,62,736 | 1,95,14,527 | 2,59,79,208 |
| ആകെ | 48,62,414 | 3,08,65,016 | 3,87,37,574 |

(പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകയുടെ കണക്കിന്റെ കൃത്യത ഉറപ്പിക്കാനുതകുന്ന രേഖകൾ നഗരസഭയിൽ ലഭ്യമല്ല.)

തനതുവരുമാനം പിരിച്ചെടുക്കാൻ നഗരസഭ കാണിക്കുന്ന അലംഭാവം മേൽ കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. വാർഷിക പദ്ധതിയിൽ തനതുഫണ്ട് വകയിരുത്തുമ്പോൾ ഉറപ്പുവരുത്തേണ്ട മിച്ചഫണ്ട് സംബന്ധിച്ച കണക്കുകൾ വിലയിരുത്താതെയാണ് തനതുഫണ്ട് വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതെന്ന് ഇതിൽ നിന്നും അനുമാനിക്കുന്നു. 2021-22 വർഷ വാർഷിക പദ്ധതി തയ്യാറാക്കിയ സമയം തനതുഫണ്ട് സംബന്ധിച്ച കണക്കുകൾ പരിശോധിച്ചിരുന്നോയെന്നതു സംബന്ധിച്ച വിവരവും, ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഇത്തരത്തിൽ മിച്ചഫണ്ട് കണക്കാക്കിയിട്ടില്ലെങ്കിൽ എന്തടിസ്ഥാനപ്പെടുത്തിയാണ് ഭീമമായ തുക വാർഷിക പദ്ധതിയിൽ വകയിരുത്തിയത് എന്ന് വ്യക്തമാക്കേണ്ടതാണ്.

ഇക്കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-22 പദ്ധതിരൂപീകരണ/നിർവ്വഹണത്തിലെ അപാകതകൾ

നഗരസഭയിൽ 2019-20 വർഷം നിർവ്വഹണം നടത്തിയ വാർഷികപദ്ധതിയിൽ ആകെ 418 പദ്ധതികളാണുണ്ടായത്. ഇതിൽ 308 പദ്ധതിയും അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനുള്ളവയാണ്. ഈ പദ്ധതികളുടെ രൂപീകരണ വിശദാംശം പരിശോധിച്ചതിൽ നിന്നും വ്യക്തമായ വിവരങ്ങൾ ചുവടെ കൊടുക്കുന്നു,

| | |
|---|---|
| വർഷം | 2019-20 |
| ആകെ പദ്ധതികൾ | 308 |
| പുതിയ പദ്ധതികൾ | 252(സ്പിൽഓവർ ആകേണ്ട പല പദ്ധതികളും പുതിയ പദ്ധതിയായി രൂപീകരിച്ചു) |
| ചെലവുണ്ടായ പദ്ധതികൾ | 91 |
| സ്പിൽഓവർ പദ്ധതികൾ | 56 |
| ചെലവുണ്ടായ സ്പിൽഓവർ പദ്ധതികൾ | 34 |
| രണ്ടു ലക്ഷവും അതിൽ കുറവ് അടങ്കലിലും തയ്യാറാക്കിയ പദ്ധതികൾ | 210(ഇതിൽ 98എണ്ണം ഒരു ലക്ഷവും അതിൽ കുറവും അടങ്കലിലുള്ളവയാണ്) |
| ആകെ അടങ്കൽ | 72863490 |

| | |
|---|---|
| ചെലവ് | 25668863 |
| ചെലവ് ശതമാനം | 35.23% |

അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണത്തിനായി തയ്യാറാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ 45% വരുന്ന അടങ്കൽ തുകയും കണ്ടെത്തിയിരിക്കുന്നത് തനതുഫണ്ടിൽ നിന്നാണ്. തൻവർഷം 3,30,27,855/-രൂപ തനതുഫണ്ട് വകയിരുത്തിയതിൽ 1,14,97,880/-രൂപ ചെലവഴിച്ചു (ആകെ ചെലവിന്റെ 45%). എന്നാൽ തനതുഫണ്ട് വകയിരുത്തി മുൻവർഷത്തിൽ പ്രവൃത്തി പൂർത്തീകരിച്ച/ നിർവ്വഹണമേൽപ്പിച്ച പല പ്രോജക്ടുകളുടേയും അടങ്കൽ 2019-20 വർഷത്തിൽ ഫണ്ട് മാറ്റി തുക നൽകുന്ന രീതി ശ്രദ്ധയിൽപ്പെട്ടു. കൂടാതെ മുൻവർഷത്തിൽ നിന്നും സ്പിൽഓവർ ആക്കേണ്ട പല പദ്ധതികളും പുതിയ പദ്ധതികളായി (ഫണ്ടിനം മാറ്റിയും അല്ലാതെയും) ഉൾപ്പെടുത്തിയിരി ക്കുന്നു. പദ്ധതികൾ സമഗ്രമായി തയ്യാറാക്കാത്തിനാൽ ഒരേ റോഡിന് /കെട്ടിടത്തിന് ഒന്നിലധികം പദ്ധതികളിലൂടെ ഒരേ വർഷം പ്രവൃത്തികൾ നടത്തുന്ന രീതിയും നിലനിൽക്കുന്നു.

മുകളിൽ കൊടുത്ത പട്ടിക പരിശോധിച്ചാൽ ഓരോ വർഷവും സാങ്കേതിക വിഭാഗം നടപ്പാക്കുന്ന പദ്ധതികളുടെ ബാഹുല്യവും, ഇവ യഥാസമയം പൂർത്തീകരിക്കാത്തതിനാൽ ഭൂരിഭാഗം പദ്ധതികളും തുടർവർഷത്തേയ്ക്ക് സ്പിൽഓവർ പദ്ധതികളാകുന്ന അവസ്ഥയും വ്യക്തമാകുന്നു. മുകളിൽ വിവരിച്ച രീതിയിൽ പ്രോജക്ടുകളുടെ ബാഹുല്യം നഗരസഭയിൽ വിവിധയിനം അപാകതകൾക്ക്/ പോരായ്മകൾക്ക് വഴിവച്ചിട്ടുണ്ട്.

1. കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതിയിനത്തിൽ ചോർച്ച

ആകെ പ്രോജക്ടുകളിൽ ഭൂരിഭാഗം പദ്ധതിയും 250000/- രൂപയോ അതിൽ കുറവോ അടങ്കൽ വരുന്നവയാണ്. വളരെ കുറച്ചു പദ്ധതികൾ മാത്രമാണ് 5 ലക്ഷമോ അതിലധിക മോ അടങ്കൽ തുകയിൽ തയ്യാറാക്കിയിട്ടുള്ളത്. ജി.എസ്.ടി. നിലവിൽ വന്നതിനു ശേഷം 250000 ത്തിനു മുകളിൽ പ്രവൃത്തിമൂല്യമുള്ള പ്രവൃത്തികൾക്ക് 2% ജി.എസ്.ടി. ബിൽ തുകയിൽ നിന്നും ഈടാക്കി അടവാക്കേണ്ടതുണ്ട്. മേൽ രീതിയിൽ ചെറിയ തുകയ്ക്കുള്ള വിവിധ പ്രവൃത്തികളാക്കുന്നതു മൂലം കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതിയിന ത്തിൽ ചോർച്ചയുണ്ടാവുന്നു. കരാറുകാർക്ക് അമിതലാഭത്തിനും ഇതു സാധ്യതയുണ്ടാക്കു ന്നു.

2. ജീവനക്കാരുടെ ജോലിഭാരം വർദ്ധിക്കുന്നു

സമഗ്രമായി പദ്ധതികൾ രൂപീകരിക്കാതെ തുടർച്ചയായ വർഷങ്ങളിൽ ഒരേ റോഡിൽ/കെട്ടിടത്തിൽ വ്യത്യസ്ത പദ്ധതി രൂപീകരിക്കുന്നതും, വിഭവങ്ങളുടെ/ഫണ്ടിന്റെ ചെറിയ തോതിലുള്ള വിന്യാസം നടത്തി കൂടുതൽ എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ,പ്രത്യേകിച്ച് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി ഭാരം കൂട്ടുന്നതിനു കാരണമാകുന്നതിനു പുറമെ ഈ രീതിയിൽ പദ്ധതികളുടെ ബാഹുല്യം ഇവയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും വിലങ്ങുതടിയാകുന്നു.

3. പ്രവൃത്തികളുടെ മേൽനോട്ടം/മോണിറ്ററിംഗ് ഫലപ്രദമായി നടത്താനാകുന്നില്ല

പ്രോജക്ടുകളുടെ ബാഹുല്യം അവയുടെ ഫലപ്രദമായ മേൽനോട്ടത്തിന് തടസ്സമാകുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് നഗരസഭയിൽ സാങ്കേതിക വിഭാഗം ജീവനക്കാരുടെ എണ്ണം കൂടുതലുണ്ടെങ്കിലും, നഗരസഭയുടെ പദ്ധതികൾക്കു പുറമേ എം.എൽ.എ, എം.പി.ഫണ്ട് വിനിയോഗിച്ചുള്ള പ്രവർത്തനങ്ങളുടേയും, മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി, സർക്കാർ അതതു സമയങ്ങളിൽ ഏൽപ്പിക്കുന്ന മറ്റു പ്രവർത്തനങ്ങൾ എന്നിവയെല്ലാം നിർവ്വഹിക്കേണ്ടതുണ്ട്. പദ്ധതികളുടെ നിർവ്വഹണ സമയം സാങ്കേതിക വിഭാഗത്തിന് എല്ലാ സൈറ്റുകളിലും മുഴവൻ സമയം മേൽനോട്ടം സാധ്യമാകുന്നില്ല. ഇത് പ്രവൃത്തികളുടെ ഗുണനിലവാര കുറവിനും, സമയബന്ധിതമായി പൂർത്തീകരണം സാധ്യമാകാതിരിക്കുന്നതിനും കാരണമാകുന്നു. 2018-19 ൽ രൂപീകരിച്ച് 2018 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ കരാറിലേർപ്പെട്ട വിവിധ പദ്ധതികൾ ആ സാമ്പത്തിക വർഷത്തിൽ പ്രവൃത്തി

ആരംഭിക്കാതിരുന്നതും, പിന്നീട് ഇവ 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കേണ്ടി വന്നതും മേൽ വിവരിച്ച രീതിയിലുള്ള മേൽനോട്ടക്കുറവിന് ഉദാഹരണമാണ്.

4. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകുന്നില്ല

പ്രോജക്ടുകളുടെ ബാഹുല്യം യഥാസമയം എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തടസ്സമുണ്ടാക്കുന്നു. ഓഡിറ്റ് വർഷങ്ങളിലെ പ്രോജക്ടുകൾ സാങ്കേതികാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ ആരംഭിച്ച കാലയളവ് പരിശോധിച്ചാൽ 30.8.19ന് നടന്ന ആദ്യ ടെണ്ടറിൽ തൻവർഷം രൂപീകരിച്ച 252 പുതിയ പദ്ധതികളിൽ 47 എണ്ണം മാത്രമാണ് ഉൾപ്പെട്ടത്. സാമ്പത്തിക വർഷത്തിന്റെ അർദ്ധവർഷം കഴിഞ്ഞ ശേഷം ഒക്ടോബർ മുതൽ ജനുവരി വരെ മാസങ്ങളിലാണ് ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടന്നിരിക്കുന്നത്. അതുകൊണ്ടു തന്നെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ഏൽപ്പിച്ചാലും, പ്രസ്തുത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കാനാകാതെ വരികയും, ഇത്തരത്തിൽ പ്രവൃത്തി നിർവ്വഹണം വൈകുന്നത് അതതു വർഷത്തേയ്ക്ക് ലഭിച്ച ഫണ്ടുകളുടെ പാഴാക്കലിന് കാരണമാകുകയും ചെയ്യുന്നുണ്ട്. ഈ പ്രവൃത്തികളുടെ ചെലവു തുകയ്ക്ക് തുടർ വർഷത്തെ ഫണ്ട് വിനിയോഗിക്കേണ്ടി വരുന്നത് തുടർ വർഷത്തെ വികസന പ്രവർത്തനങ്ങളേയും ദോഷകരമായി ബാധിക്കുന്നു.

പ്രവൃത്തികളുടെ ടെണ്ടർ മത്സരാധിഷ്ഠിതമാകുന്നില്ല

ഭൂരിഭാഗം പ്രോജക്ടുകളും അഞ്ചു ലക്ഷത്തിൽ കുറഞ്ഞ അടങ്കലിൽ തയ്യാറാക്കുന്നതിനാൽ ഇ-ടെണ്ടർ നടപടി ഒഴിവാക്കാൻ അവസരം ലഭിക്കുകയും, ടെണ്ടറുകളിലെ മത്സര സ്വഭാവം കുറയുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഓഡിറ്റ് വർഷങ്ങളിലെ ടെണ്ടർ നടപടികൾ പരിശോധിച്ചാൽ 2019 ആഗസ്റ്റ് മാസത്തിൽ നടന്ന ആദ്യ ടെണ്ടറിലൊഴികെ ബാക്കി എല്ലാ ടെണ്ടറുകളിലും രണ്ടു കരാറുകാർ പങ്കെടുക്കുകയും, ഒരാൾ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്യുമ്പോൾ മറ്റേയാൾ എസ്റ്റിമേറ്റിൽ അധികം നിരക്ക് ക്വാട്ട് ചെയ്ത് ആദ്യ കരാറുകാരന് പ്രവൃത്തി ലഭിക്കുന്നതിന് അനുകൂല സാഹചര്യമൊരുക്കുകയും ചെയ്യുന്ന അവസ്ഥ നിലനിൽ ക്കുന്നതായി കാണാം.

ഓരോ പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുമ്പോൾ തങ്ങളുടെ നിർമ്മാണ സാമഗ്രികളെല്ലാം പ്രവൃത്തി പ്രദേശത്ത് കൊണ്ടു പോകുന്നതിനു തന്നെ വലിയൊരു തുക കരാറുകാർക്ക് ചെലവു വരും. ചെറിയ അടങ്കലിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ നിന്നും കരാറുകാർ പിന്നോട്ട് പോകുന്നതിന്റെ പ്രധാന കാരണവും ഇതുതന്നെയാണ്.

മുകളിൽ വിവരിച്ച രീതിയിൽ ഉണ്ടാകുന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ച്, അതതു വർഷത്തേയ്ക്ക് ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ സമയബന്ധിതമായി ഉപയോഗപ്പെടുത്താനാവുന്ന സാഹചര്യം ഉണ്ടാക്കേണ്ടതും, ടെണ്ടറുകൾ മത്സരാധിഷ്ഠിതമാക്കി സാമ്പത്തിക മിതവ്യയം ഉറപ്പു വരുത്തേണ്ടതുമാണ്. ജീവനക്കാർക്കുണ്ടാക്കുന്ന അധികഭാരം ഒഴിവാക്കുക വഴി ശരിയായ മേൽനോട്ടവും, പ്രവൃത്തികളുടെ ഗുണനിലവാരവും ഉയർത്തുന്നതിലേയ്ക്ക് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതു മാണ്. ഈ വിഷയങ്ങളിലെ മാറ്റങ്ങൾ/സ്വീകരിച്ച നടപടികൾ അടുത്ത ഓഡിറ്റുകളിൽ പരിശോധനാ വിഷയമാക്കുന്നതാണ്.

1-23 പദ്ധതി നിർവ്വഹണത്തിലെ കാലതാമസവും മറ്റപാകതകളും

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : ന്യൂ ബസ് സ്റ്റാന്റ് റോഡ് റീടാറിംഗ്, 259/20

അടങ്കൽ : 175000/- സംരക്ഷണഗ്രാന്റ് റോഡ്

ചെലവ് : 175000/- ബിൽ നം.

2017-18 ൽ പ്രോജക്ട് നമ്പർ 82/18 ആയി തനതുഫണ്ട് അടങ്കലിൽ തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. 2017 ജൂലായ് മാസത്തിൽ സാങ്കേതികാനുമതിയും, വെറ്റിംഗും കഴിഞ്ഞ ഈ പദ്ധതിയുടെ

പൂർത്തീകരണ കാലാവധി നാലു മാസമാണ്. പദ്ധതി ഫയൽ പരിശോധിച്ചതിൽ 2017 ജൂലായ് മാസത്തിൽ അംഗീകാരം ലഭിച്ച ഈ പദ്ധതി നിർവ്വഹണത്തിനായി ഏൽപ്പിച്ച് കരാറിലേർപ്പെട്ടിരിക്കുന്നത് 22.4.2019 ലാണ്. എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാണെന്ന കാണിച്ചുള്ള കരാറുകാരന്റെ ക്വട്ടേഷൻ(തിയ്യതി രേഖപ്പെടുത്തിയിട്ടില്ല) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ക്വട്ടേഷൻ പരിഗണിച്ച് പ്രവൃത്തി ഏൽപ്പിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. മേൽ പ്രവൃത്തിയ്ക്കായി സ്വീകരിച്ച ടെണ്ടർ നടപടികളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അളവു പുസ്തകം 82/18 പ്രകാരം പ്രവൃത്തിയുടെ ആദ്യ അളവ് രേഖപ്പെടുത്തിയിരിക്കുന്നത് 9.10.19നാണ്. കരാറിലേർപ്പെട്ട് ആറു മാസം കഴിഞ്ഞാണ് പ്രവൃത്തി ആരംഭിച്ചിരിക്കുന്നത്. 2019-20 വർഷത്തിൽ ഈ പദ്ധതി സ്പിൽഓവർ ആയി ഉൾപ്പെടുന്നതിനു പകരം സംരക്ഷണഗ്രാന്റ് അടങ്കലിൽ പുതിയ പ്രോജക്ടായി ഉൾപ്പെടുത്തിയാണ് ബിൽ തുക നൽകിയിരിക്കുന്നത്. ആദ്യ പദ്ധതിയിൽ തനതുഫണ്ട് വകയിരുത്തിയ ശേഷം ഫണ്ടിനം മാറ്റാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

മുകളിൽ വിവരിച്ച പ്രകാരം 2017-18ൽ രൂപീകരിച്ച ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിൽ മൂന്നു വർഷത്തോളം കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. പദ്ധതി രൂപീകരിച്ച ശേഷം നിർവ്വഹണത്തിലുണ്ടായ കാലതാമസവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ടെണ്ടർ നടപടിയുടെ വിവരം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ടെണ്ടർ നടപടി ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തുന്നു. ക്വട്ടേഷൻ പരിഗണിച്ച് പ്രവൃത്തി നടത്താനുണ്ടായ സാഹചര്യവും, ഫണ്ടിനം മാറ്റിയതും വിശദീകരിക്കേണ്ടതാണ്. ഒരു പദ്ധതി രൂപീകരിച്ച് മൂന്നു വർഷത്തോളം നിർവ്വഹണം നീളുമ്പോഴും പ്രവൃത്തിയുടെ അവസ്ഥ ഒരിക്കൽ പോലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ മോണിറ്റർ ചെയ്യിട്ടില്ലെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയായി കണക്കാക്കുന്നു. ഭാവിയിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുംവിധമുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-24 വകയിരുത്തിയതിൽ കൂടുതൽ ചെലവ്

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണം നടത്താനായി രൂപീകരിച്ച പദ്ധതിയാണ് കണ്ടംകുളങ്ങര വിജ്ഞാനകേന്ദ്രം പൂർത്തീകരണം എന്ന പ്രോജക്റ്റ്(നം.476/20). പ്രോജക്റ്റ് പ്രകാരം(പ്രോജക്റ്റ് രൂപീകരണ ഫോറം 2) തനതുഫണ്ട് 9,00,000/-രൂപ (ബഹുവർഷങ്ങളിലായി) വകയിരുത്തിയിട്ടുണ്ട്. വർഷാവസാനം ലഭ്യമായി ഐ.കെ.എം. ചെലവ് പത്രിക പ്രകാരം ഈ പ്രോജക്റ്റിനായി തൻവർഷം വകയിരുത്തിയിരിക്കുന്നത് 4,00,000/-രൂപയാണ്. എന്നാൽ ഈ പദ്ധതിയ്ക്കായി 477003/-രൂപ തൻവർഷം ചെലവഴിച്ചിരിക്കുന്നു. ഇത് സാധ്യമായതെങ്ങനെയെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. വകയിരുത്തിയതിൽ കൂടുതൽ ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

## 1-25 ലോഡ്ജിംഗ്/ക്വാട്ടേർസ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം സംഭവിക്കുന്നു

ലോഡ്ജിംഗ്/ക്വാട്ടേഴ്സ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു- വരുമാന നഷ്ടം സംഭവിക്കുന്നു

2011-ലെ കേരള മുനിസിപാലിറ്റി(വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 50/- രൂപയാണ് മുനിസിപാലിറ്റിയിൽ നിശ്ചയിച്ചി രിക്കുന്നത്. തൻവർഷത്തെ ന്യൂ ബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ പ്രകാരമുള്ള വസ്തുനികുതി പത്രിക(ഫോറം-6) എന്നിവ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക്, പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതിദായകൻ സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന്

മാത്രമേ പാർപ്പിടാ വശ്യത്തിനുള്ള നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ഉദാ-

| കെട്ടിട നമ്പർ/<br>കെട്ടിടമുടമയുടെ<br>പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കാവുന്ന നികുതി നിരക്ക് |
|---|---|---|
| 24/285 A മുതൽ J വരെ<br>ലബീബ് വടക്കേത്തൊടി,,<br>അറഫ,ആശ്രമം റോഡ്,<br>അത്താണിക്കൽ,, | 10 | 50 |
| 11/297 A മുതൽ E വരെ<br>മുഹമ്മദ് ഷാഫി പി പി,<br>പാലക്കാപറമ്പിൽ,അതിരിശ്ശേരി,<br>മലപ്പുറം, | | |
| 21/66 A മുതൽ C വരെ<br>അബ്ദുൾ കരീം<br>പി,പൊങ്ങലത്ത്,പുൽപറമ്പ്,<br>ചേന്ദമംഗല്ലൂർ,673602 | | |

നഗരപരിധിയിലുള്ള ഇത്തരം കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കി വരുമാന വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. ഇതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം കെട്ടിടങ്ങളുടെ നികുതി നിർണയം പുന:പരിശോധിച്ച് അപാകത പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിക്കേണ്ടതുമാണ്.

1-26 ഏഫ് ടി ഇ എ&ഒ എസ് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

1)കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 437 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

2011 ലെ കേരള മുനിസിപാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം നഗരസഭ പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1-ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതുമാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

100 ച.മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ------ 5281

100 ച.മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് ------ – 887

200 ച.മി ക്ക് മുകളിൽ വിസ്തൃതിയുള്ള ---------- 47

ഷോപ്പിങ് മാളുകൾ

വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെന്റർ ---------6

വ്യവസായിക ആവശ്യത്തിനുള്ളത് --------------60

ഇതര വ്യവസായത്തിനുള്ളത് ------------------128

ആകെ ----------------------------------- 6409

വേക്കൻസി റമിഷൻ ----------------------- 501

നഗരസഭയിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 6409 കെട്ടിടങ്ങൾ ഉണ്ട്, അതിൽ 501 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. തൻ വർഷം ലഭ്യമായ കണക്ക് പ്രകാരം 1271 പേർ മാത്രമാണ് എഫ് ടി ഇ എ & ഒ എസ് ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം ഇതിൽ നിന്നും വ്യക്തമാണ്. നഗരസഭക്ക് ലഭ്യമാകേണ്ടിയിരുന്ന തനത് വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് നഗരസഭ ആരോഗ്യ വിഭാഗം അറിയിച്ചിട്ടുണ്ട്. നഗരസഭയിൽ പ്രവർത്തിക്കുന്ന മുഴുവൻ അനധികൃത സ്ഥാപനങ്ങളും പരിശോധിക്കേണ്ടതും ചട്ട പ്രകാരമുള്ള ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-27 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചില്ല

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചപ്പോൾ, താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജിവനക്കാരുടെ 2019-20 ലെ ഒന്ന്/രണ്ടാം അർദ്ധ വർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| തൊഴിൽ നികുതി രജിസ്റ്റർ ക്രമ നം | വാർഡ് നം/സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 46 | ഇസ്ലാമിയ ഹോസ്റ്റൽ ചേന്ദമംഗല്ലൂർ | 2 |
| 52 | പോസ്റ്റ് ഓഫീസ് കല്ലുരുട്ടി | 2 |
| 54 | കയർഫെഡ് മുക്കം | 2 |
| 56 | മുക്കം സർവീസ് സഹകരണ ബാങ്ക് , | 2 |
| 57 | മുക്കം സർവീസ് സഹകരണ ബാങ്ക് , കല്ലുരുട്ടി | 2 |
| 58 | മുക്കം സർവീസ് സഹകരണ ബാങ്ക് , മണാശ്ശേരി | 2 |

| | | |
|---|---|---|
| 59 | മുക്കം സർവീസ് സഹകരണ ബാങ്ക് , വെണ്ണക്കോട് | 2 |
| 60 | മുക്കം സർവീസ് സഹകരണ ബാങ്ക് ,സൂപ്പർമാർക്കറ്റ് | 2 |
| 61 | മുക്കം സർവീസ് സഹകരണ ബാങ്ക് ,വളം ഡിപ്പോ മുക്കം | 2 |
| 62 | മുക്കം സർവീസ് സഹകരണ ബാങ്ക് , വളം ഡിപ്പോ കല്ലുരുട്ടി | 2 |
| 63 | മുക്കം സർവീസ് സഹകരണ ബാങ്ക് , ഈവനിങ് യൂനിറ്റ് | 2 |
| 64 | മുക്കം സർവീസ് സഹകരണ ബാങ്ക് , നീതി മെഡിക്കൽസ് | 2 |
| 98 | കെ.എം.സി.ടി കോളേജ് ഓഫ് എൻജിനീയറിങ് | 2 |
| 103 | മുക്കം മേഖല സഹകരണ സംഘം | 2 |
| 120 | ഐഡിയൽ കോളേജ് പബ്ലിക് സ്കൂൾ | 2 |
| 130 | കാലിക്കറ്റ് കണ്ണാശുപത്രി | 1&2 |
| 131 | കെ.എം സിറ്റി പോളി ക്ലിനിക് | 2 |
| 159 | ഗ്രീൻ മെഡിലാബ് മുക്കം | 2 |
| 163 | കള്ള് ഷാപ്പ് മുക്കം | 1 |
| 170 | ഫാമിലി ഹൈപ്പർമാർട്ട് | 2 |
| 174 | കള്ള് ഷാപ്പ് അഗസ്ത്യൻ മുഴി | 1&2 |
| 175 | കള്ള് ഷാപ്പ് മാമ്പറ്റ | 1&2 |
| 176 | കള്ള് ഷാപ്പ് മണാശ്ശേരി | 1&2 |
| 177 | എസ്.ബി ഫ്യൂവൽസ് മുക്കം | 1 |
| 189 | കൻസ ഗോൾഡ് മുക്കം | 1&2 |
| 190 | കോട്ടക്കൽ ആര്യവൈദ്യശാല മുക്കം | 2 |
| 204 | എംപയർ എഡ്യു കാമ്പസ് | 1 |
| 207 | നിരവത്ത് ജൂബിലി ചിറ്റ്സ് | 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്ന്/രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽനികുതി നഗര സഭയിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിയും നഗരസഭ സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 245, പ്രകാരം ഓരോ അർദ്ധവർഷവും ആകെ്ക്കുടി 60 ദിവസം

ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. അന്വേഷണക്കുറിപ്പിന് മറുപടി നൽകിയില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത്, ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 വിനോദ നികുതി പിരിവ്-സർക്കാർ മാർഗ നിർദേശങ്ങൾ പാലിക്കുന്നില്ല-

സർക്കാർ ഉത്തരവ് നം 149/2019/എൽ.എസ്.ജി.ഡി പ്രകാരം 16/11/2019 മുതൽ തീയേറ്റർ ഉടമകൾ പ്രേക്ഷകരിൽ നിന്നും വിനോദനികുതി ഈടാക്കി നഗരസഭയിൽ അടവാക്കേണ്ടതാണ്. 31/08/2019 ലെ സ ഉ 112/2019/ എൽ.എസ്.ജി .ഡി പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%വും 100 ൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് നികുതിയായി ഈടാക്കേണ്ടത് .

04-01-2020 തീയതിയിലെ സ.ഉ (സാധാ) നം 101/2020/ എൽ.എസ്.ജി.ഡി പ്രകാരം തീയേറ്ററുകളിൽ ഈ ടിക്കറ്റിങ് നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

എ) സിനിമ ടിക്കറ്റ് നൽകേണ്ടത് IKM വികസിപ്പിച്ച ഇ-ടിക്കറ്റിങ് സോഫ്റ്റ്വെയർ ഉപയോഗിച്ച് കൊണ്ടായിരിക്കണം

ബി)മറ്റ് ഓൺലൈൻ റിസർവേഷൻ സോഫ്റ്റ് വെയറുകളും മൊബൈൽ അപ്ലിക്കേഷനുകളും ഉപയോഗിക്കുന്ന തീയറ്ററുകൾ സർക്കാറിന്റെ പ്രസ്തുത സോഫ്റ്റ്വെയർ ഉപയോഗിച്ചു കൗണ്ട് മാത്രമേ ടിക്കറ്റ് വിൽപ്പന നടത്താൻ പാടുള്ളൂ. സ്വകാര്യ സോഫ്റ്റ് വെയർ എജൻസികളും തീയറ്ററുകളും IKM വികസിപ്പിച്ച സോഫ്റ്റ് വെയറുമായി സംയോജിപ്പിച്ച് ഓൺലൈൻ റിസർവേഷൻ നടത്താവുന്നതാണ്.

സി)സർക്കാറിന്റെ ഇ ടിക്കറ്റിങ് സോഫ്റ്റ് വെയറിലൂടെ വിൽപന നടത്തുന്ന ടിക്കറ്റുകളുടെ Daily Collection Report ഉൾപ്പെടെയുള്ള വിവരങ്ങൾ സ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറേണ്ടതാണ്

സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ നഗരസഭയിൽ സ്വീകരിച്ചിട്ടില്ല. തീയറ്റർ ഉടമകൾ നൽകുന്ന കണക്കിനനുസരിച്ചാണ് വിനോദനികുതി ഈടാക്കി കൊണ്ടിരിക്കുന്നത്. നിലവിൽ ഒരു തീയറ്ററിൽ വിൽപ്പനയാവുന്ന ഓൺലൈൻ , മാനുവൽ ടിക്കറ്റുകളുടെ എണ്ണം സംബന്ധിച്ച് തിയേറ്റർ ഉടമകൾ നഗരസഭക്ക് നൽകുന്ന കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധ്യമല്ല. ഇത് നികുതി ചോർച്ചക്ക് കാരണമായി മാറുന്നു. അന്വേഷണക്കുറിപ്പിന് വിശദീകരണം നൽകിയിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-29 ബസ്സ്റ്റാന്റ് പിരിവ് ലേലം -അപാകതകൾ

ഫയൽ നം. 300/2019

പഞ്ചായത്ത് ബസ് സ്റ്റാന്റ് പിരിവ് ലേലം 19/02/2019 ന് നടന്നു. ശ്രീ ടി.വി ഹസൻ 335000/- രൂപക്ക് വിളിച്ചെടുത്തു. ലേലതുകയുടെ 1/3 ഭാഗമായ 111667/- രൂപ 01/118030107226 നമ്പർ രസീത് പ്രകാരവും, ലേലം ഡെപോസിറ്റ് 10000/- രൂപ 01/118030107222 നമ്പർ രസീത് പ്രകാരവും അന്ന് തന്നെ അടവാക്കുകയും ചെയ്തു. 20/02/2019 ന് ഇദ്ദേഹം ലേലത്തിൽ നിന്ന് പിൻമാറുകയും, അടവാക്കിയ തുക തിരികെ നൽകാൻ അപേക്ഷിക്കുകയും ചെയ്തു. 01/03/2019 ന് പുനർ ലേലം നടക്കുകയുണ്ടായി. അതിൽ സുരേഷ് കുമാർ പടിഞ്ഞാറെയിൽ 300500/- രൂപക്ക് വിളിച്ചെടുക്കുകയും അതെ തീയതിയിലെ 14 നമ്പർ കൗൺസിൽ തീരുമാന പ്രകാരം അദ്ദേഹത്തിന് നൽകുകയും ചെയ്തു. ശ്രീ ടി.വി ഹസ്സൻ അകാരണമായി ലേലത്തിൽ നിന്നും പിൻമാറിയത് മൂലം നഗര സഭക്ക് കിട്ടേണ്ടിയിരുന്ന വരവിൽ താഴെ പറയും പ്രകാരം രൂപയുടെ നഷ്ടം സംഭവിച്ചു.

| 19/02/2019 ന് നടന്ന ലേലത്തിൽ ഉറപ്പിച്ച തുക | 01/03/2019 ന് നടന്ന പുനർ ലേലത്തിൽ ഉറപ്പിച്ച തുക | ലേല തുകയിൽ വന്ന കുറവ് | നഗരസഭ മുതൽക്കൂട്ടിയ ശ്രീ ടി വി ഹസ്സന്റെ ലേലം ഡെപ്പോസിറ്റ് | നഷ്ടം |
|---|---|---|---|---|
| 335000 | 300500 | 34500 | 10000 | 24500/- |

ശ്രീ ടി.വി ഹസ്സൻ നൽകിയ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ അദ്ദേഹം അടവാക്കിയ തുക(ലേലം ഡെപ്പോസിറ്റ് തിരികെ നൽകിയിട്ടില്ല.) 24/04/2019 ന് തിരികെ നൽകി (വൗച്ചർ നം 21900059 തിയതി 24/04/2019). തുക തിരികെ നൽകിയപ്പോൾ നഗരസഭക്കുണ്ടായ നഷ്ടം 24500/- ശ്രീ ടി വി ഹസ്സനിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-30 തറ വിസ്തൃതി വളരെ കുറഞ്ഞ കെട്ടിടങ്ങൾ -ഉപയോഗ ക്രമം നിശ്ചയിച്ചതിലെ അപാകതകൾ

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്സ്മെന്റ് (ഫോറം 6), പരിശോ ധിച്ചപ്പോൾ തറ വിസ്തൃതി വളരെ കുറഞ്ഞ (12ച.മി. വരെ വിസ്തൃതിയുള്ള) പാർപ്പിടാവശ്യങ്ങ ൾക്കുള്ള 19 കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മി) | ഉടമസ്ഥന്റെ പേര് |
|---|---|---|---|
| 1 | 5/369 | 12 | ബഷീർഹാജി,കീരൻതൊടിക,തിരുവമ്പാടി,,,, |
| 2 | 10/15 | 12 | അസ്സയിൻ,കോട്ടപാടത്ത്,,,,, |

ഈ കെട്ടിടങ്ങളുടെയെല്ലാം തൊട്ടടുത്തുള്ള കെട്ടിടങ്ങൾ വാണിജ്യ കെട്ടിടങ്ങളാണെന്ന് സഞ്ചയ പരിശോധനയിൽ വ്യക്തമാണ്. ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗക്രമം(അവ വാണിജ്യ/ലോഡ്ജിങ് കെട്ടിടങ്ങളാണോയെന്ന്) പരിശോധിക്കേണ്ടതും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

### 1-31 നഗര സഭയുടെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്തില്ല - പിഴയിനത്തിൽ തുക അടക്കാൻ അവശേഷിക്കുന്നു.

എ)ആദായ നികുതി വകുപ്പിൽ വിവിധയിനങ്ങളിലായി നിലവിൽ നഗരസഭ അടവാക്കാൻ അവശേഷിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അറിയുന്നതിനായി TDS TRACES ലോഗിനിൽ പരിശോധന നടത്തുകയുണ്ടായി. ആയത് പ്രകാരമുള്ള നിലവിലെ കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | സാമ്പത്തിക വർഷം | സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്ത തിയതി | ഫോം ഇനം | കുടിശ്ശിക ഇനം | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | 2018-19 Q4 | 05-06-2019 | 24Q | Interest On Late Payment | 410 |
| | 2019-20 Q3 | 03-02-2020 | 24Q | Interest On Late Payment | 240 |
| | 2020-21 Q2 | 30-08-2021 | 26Q | Late Filing Levy | 8400 |
| | | | | | 9050 |

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 234 പ്രകാരം TDS യഥാസമയം ഫയൽ ചെയ്യാത്തവർക്ക് പ്രതിദിനം 200/- രൂപ നിരക്കിൽ Late Fee ഈടാക്കുന്നതാണ് . ( Late Fee പരമാവധി TDS തുകയായി പരിമിതപ്പെടുത്തിയിട്ടുമുണ്ട്).

TRACES ലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2018-19 മുതൽ 20-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ TDS റിട്ടേൺ യഥാസമയം ഫയൽ ചെയ്യാത്തത് കൊണ്ടാണ് പിഴയിനത്തിൽ തുക കുടിശ്ശിക വരാനുണ്ടായ സാഹചര്യം ഉണ്ടായത്. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ആദായനികുതി വകുപ്പിലെ കുടിശ്ശിക അടവാക്കി ഓഡിറ്റിനു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

-

## 1-32 നഗരസഭയുടെ വാഹനം ഉപയോഗ ശൂന്യമായി - ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള KL 57-2252 നമ്പർ മഹീന്ദ്ര ബൊലേറോ വാഹനം ഉപയോഗ ശൂന്യമായി നഗരസഭ ഓഫീസിന് താഴെ സൂക്ഷിച്ചിരിക്കുകയാണ്. മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റിലെ വിവരമനുസരിച്ച്, ഈ വാഹനത്തിന്റെ ഫിറ്റ്നെസ് 09/10/2021 ന് അവസാനിച്ച താണ്. 15 വർഷം കഴിഞ്ഞതിനാൽ വാഹനത്തിന്റെ രജിസ്ട്രേഷൻ പുതുക്കേണ്ടതായുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ വാഹനം PWD മെക്കാനിക്കൽ ഡിവിഷൻ 13-09-2021 ന് കണ്ടം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ ഉടൻ ആരംഭിക്കുന്ന താണെന്നും അറിയിച്ചിട്ടുണ്ട്. വാഹനം നിയമാനുസൃതം കയ്യൊഴിയാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്

-

## 1-33 പദ്ധതി പൂർത്തീകരണത്തിൽ കാലതാമസം - ഫണ്ടിനം മാറ്റി തുക നൽകി

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ തുക ചെലവഴിച്ച രണ്ടു പദ്ധതികളാണ് NRHM ന് തുക നൽകൽ, ബസ് സ്റ്റാന്റ് വെയിറ്റിംഗ് ഷെഡ് എന്നിവ. ഈ പദ്ധതി ഫയലുകൾ പരിശോധിച്ചപ്പോൾ 2017-18 വർഷത്തിൽ തനതുഫണ്ട് വകയിരുത്തി രൂപീകരിച്ച പദ്ധതികളാണിവയെന്ന് വ്യക്തമാകുന്നു. കൂടുതൽ വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് പേര്/നമ്പർ | NRHM ന് തുക നൽകൽ, 430/20 | ബസ് സ്റ്റാന്റ് വെയിറ്റിംഗ് ഷെഡ്, 431/20 |
|---|---|---|

| | | |
|---|---|---|
| അടങ്കൽ | 100000/- | 200000/- |
| ഫണ്ടിനം | സംരക്ഷണഗ്രാന്റ് റോഡിതരം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 100000/- | 199980/- |
| കരാറുകാരൻ | അബ്ദുൾ ബഷീർ.കെ | രാജഷ് കുമാർ.കെ |
| കരാർ നം/തിയ്യതി | 90/17-18/1.3.18 | 96/17-18/2.3.18 |
| പ്രവൃത്തി ആരംഭിച്ച തിയ്യതി | 5.3.19 | 3.1.19 |
| പൂർത്തീകരിച്ച തീയതി | 30.3.19 | 6.3.19 |

മേൽ രണ്ടു പദ്ധതികൾക്കും 2017-18 വർഷത്തിൽ തന്നെ കരാർ ചമച്ചിട്ടുണ്ട്. സാങ്കേതികാനുമതി പ്രകാരം നാലു മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി. എന്നാൽ രണ്ടു പദ്ധതികളും ഏകദേശം ഒരു വർഷത്തോളം കഴിഞ്ഞാണ് നിർവ്വഹണമാരംഭിക്കുന്നത്. 2018 നവംബർ, ഡിസംബർ മാസങ്ങളിലായി രണ്ടു പദ്ധതികളുടേയും എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പ്രവൃത്തി ചെയ്തിരിക്കുന്നത്. കരാറിലേർപ്പെട്ട് എട്ടു മാസങ്ങൾ പിന്നിട്ട ശേഷം എസ്റ്റിമേറ്റ് പുതുക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല.

രണ്ടു പ്രവൃത്തികളും 2019 മാർച്ച് മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾക്ക് പ്രസ്തുത വർഷം തുക അനുവദിക്കാതെ തുടർവർഷത്തിൽ പുതിയ പദ്ധതി രൂപീകരിച്ചാണ് തുക നൽകിയിരിക്കുന്നത്. തനതുഫണ്ട് വകയിരുത്തിയ മേൽ പദ്ധതികൾക്ക് പ്രസ്തുത ഫണ്ട് അനുവദിക്കാതെ പദ്ധതി പൂർത്തീകരണ ശേഷം ഫണ്ടിനം മാറ്റി തുക നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

കാലതാമസത്തോടെ പ്രവൃത്തി പൂർത്തീകരിച്ച സാഹചര്യത്തിലും കരാറുകാർക്ക് തുക നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, കാലതാമസത്തോടെ പ്രവൃത്തി പൂർത്തീകരിച്ചതിന് കരാറുകാരി ൽ നിന്ന് പിഴ ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-34 വസ്തു നികുതി ഇനത്തിലെ കുടിശ്ശിക-ഈടാക്കാൻ നടപടി സ്വീകരിച്ചില്ല

നഗരസഭയുടെ 18-19, 2019-20, 20-21 സാമ്പത്തിക വർഷത്തെ, വർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരമുള്ള വസ്തുനികുതി ഇനത്തിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| വസ്തുനികുതി ജനറൽ (കറന്റ്) | 3999678 | 11350489 | 12758366 |
| വസ്തുനികുതി ജനറൽ (അരിയർ) | 862736 | 19514527 | 25979208 |
| ആകെ | 4862414 | 30865016 | 38737574 |

2018-19 ൽ 4862414 രൂപയുണ്ടായിരുന്ന വസ്തുനികുതി കുടിശ്ശിക 2019-20 ൽ 30865016 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 20-21 ൽ ഇത് വീണ്ടും വർദ്ധിച്ചു. ഭീമമായ വർദ്ധനവിന്റെ കാരണം വിശദമാക്കേണ്ടതാണ്

കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമല്ലാത്തതിനാൽ കാലഹരണപ്പെട്ട തുകയുടെ മൂല്യം കണക്കാക്കുന്നതിന് സാധിച്ചിട്ടില്ല. തനത് വരുമാനം പിരിച്ചെടുക്കുന്നതി നായി ഓഡിറ്റ് വർഷമോ തുടർ

വർഷങ്ങളിലോ കാര്യക്ഷമമായ രീതിയിൽ ക്യാമ്പ് കളക്ഷൻ നടത്തിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. നഗര സഭയുടെ മുഖ്യ തനത് വരുമാനത്തിൽ വലിയ തുക കുടിശ്ശികയായതിന് വിശദീകരണം നൽകേണ്ടതും ഇത് പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്

1-35 വസ്തു നികുതി നിർണയം -മാതൃകാപരമായ ഇടപെടൽ

2013 ലെ നിയമ ഭേദഗതിയ്ക്ക് ശേഷം 24.2.2014 ലെ സർക്കാർ ഉത്തരവ് നമ്പർ(അ)36/2015/ ത.സ്വ.ഭ.വ. പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഉപയോഗക്രമങ്ങളിലുള്ള കെട്ടിടങ്ങൾക്ക പുറമേ സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയ്ക്ക് പ്രത്യേക നിരക്കുകൾ ബാധകമാക്കിയിട്ടുണ്ട്. എന്നാൽ ഈ നിരക്കുകൾ നഗരസഭയ്ക്ക് ബാധകമാക്കിയിട്ടില്ല. എന്നിരുന്നാലും മുക്കം നഗരസഭയിൽ ഈ വിഭാഗം കെട്ടിടങ്ങളെ മുനിസിപ്പാലിറ്റിക്ക് ബാധകമായ വിവിധ കെട്ടിടങ്ങളുടെ ഗണങ്ങളിൽ ഉൾപ്പെടുത്തി നികുതി ചോർച്ച തടയാൻ നഗരസഭ ശ്രദ്ധിച്ചിട്ടുണ്ട്. ഉദാഹരണമായി ഹോസ്റ്റൽ കെട്ടിടങ്ങളെ, അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തിയറ്റർ, കല്യാണമണ്ഡപം, ലോഡ്ജ് എന്നിവയുൾപ്പെടുന്ന ഗണത്തിലും, ഹോംസ്റ്റേ എന്നതിനെ റിസോർട്ടുകളുടെ ഗണത്തിലും ഉൾപ്പെടുത്തി കൂടിയ നിരക്ക് ബാധകമാക്കി.

നഗരസഭ പ്രസിദ്ധീകരിച്ച അന്തിമ വിജ്ഞാപനത്തിൽ വിദ്യാഭ്യാസാവശ്യത്തിന് ഉപയോഗിക്കുന്ന അനുബന്ധ കെട്ടിട ഗണങ്ങളിൽ ഹോസ്റ്റൽ കെട്ടിടങ്ങളെ പ്രത്യേകം ഒഴിവാക്കി നിരക്ക് വിജ്ഞാപനം ചെയ്യുകയും, ഹോസ്റ്റലിനെ അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, സിനിമാ തിയറ്റർ, കല്യാണമണ്ഡപം, ലോഡ്ജ് എന്നിവയുൾപ്പെടുന്ന ഗണത്തിൽ പെടുത്തി കൂടിയ നിരക്കായ 50 രൂപ നിരക്ക് ബാധകമാക്കി. ഇതു മൂലം വലിയ തുകയാണ് നഗരസഭയ്ക്ക് നികുതിയിനത്തിൽ പിരിച്ചെടുക്കാനാകുന്നത്.

1-36 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

നഗരസഭയിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 65 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 85 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

01/04/2016ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം(Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത് . ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും(സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധക മാക്കിയ നികുതി നിരക്ക് | ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം | ബാധക മാക്കേണ്ട നികുതി നിരക്ക് | ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | | | | | | |
| 9/206 B<br>ബിജു ജി,ഓടമണ്ണിൽ,. മുക്കം,673602 | 195 | 65 | 13943+698= 14641<br>(മേൽക്കൂര ഇളവ് 10/, വഴി സൗകര്യം 20%) | 85 | 18233+730= 18963 | 2019-20= 2161(2145+16)<br>ആകെ 2161(2145+16) |
| 14/2732 A<br>ഇ. കെ സുരേന്ദ്രൻ , എരഞ്ഞംകണ്ടിയിൽ മുക്കം, 673602, | 109.31 | 65 | 8101+406=8507<br>വഴി സൗകര്യം 20%, ഒന്നാം നില ഇളവ് 5%) | 85 | 10592+424= 11016 | 2016-17= 2509(2491+18)<br>2017-18= 2509(2491+18)<br>2018-19= 2509(2491+18 )<br>2019-20= 2509(2491+18)<br>ആകെ 10036(9964+72) |
| ആകെ | | | | | | 12197(12109+88) |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിട ങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 19-20 --4670/- രൂപ (4636+, ഗ്രന്ഥശാലാവരി 34 രൂപ),

## 1-37 ചുമതലയിൽ ഇല്ലാത്ത കാര്യത്തിന് തുക ചെലവഴിച്ചു

സ്ഥലം എം.എൽ.എ യുടെ നേതൃത്വത്തിൽ നഗരസഭയിൽ വെച്ച് നടത്തിയ പ്രതിഭാ സംഗമം പരിപാടിക്ക് വൗച്ചർ നമ്പർ 21900347/27.07.2019 പ്രകാരം 173647/-രൂപ ചെലവഴിച്ചിട്ടുണ്ട്. ദേശാഭിമാനി ബുക്ക് ഹൗസിൽ നിന്ന് പുസ്തകം വാങ്ങി, വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു എന്നാണ് വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. സി1/5679/1 നമ്പർ ഫയൽ ഉള്ളതായി രേഖപ്പെടുത്തൽ ഉണ്ടെങ്കിലും അതിനാധാരമായ രേഖകൾ ഒന്നും തന്നെ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

പുസ്തകം താഴെ കൊടുത്ത പ്രകാരം (ബിൽ നമ്പർ 564/തീയതി ഇല്ല) വാങ്ങിയിട്ടുണ്ട്.

| | | |
|---|---|---|
| മാക്സിംഗോർക്കിയുടെ അമ്മ | 549 എണ്ണം<br>350 രൂപ നിരക്കിൽ | 192150 |
| സ്റ്റീഫൻ ഹോക്കിംഗ്സ് | 500 എണ്ണം<br>150 രൂപ നിരക്കിൽ | 75000 |
| | | 267150 |
| | ഇളവ് | 173647 |

1) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പട്ടിക ഒന്നിലെ, അനിവാര്യ/പൊതു ചുമതലകൾ ഒന്നിലും തന്നെ ഇത്തരത്തിൽ വിദ്യാർത്ഥികൾക്ക് പുസ്തകവിതരണം ചെയ്യാൻ വ്യവസ്ഥയില്ല.

2) പ്രതിഭാസംഗമം നടത്താൻ സർക്കാർ അനുമതി ഉണ്ടെങ്കിലും ആയത് നടപ്പിലാക്കിയത് സംബന്ധിച്ച രേഖകൾ, എത്ര വിദ്യാർത്ഥികൾ പങ്കെടുത്തു, അവരെ തെരഞ്ഞെടുത്ത രീതി, അവർക്ക് പുസ്തകം വിതരണം ചെയ്തതിന്റെ വിശദാംശം ഒന്നുംതന്നെ ഫയലിലില്ല.

3) 26.06.2019 ലെ ക്രമനമ്പർ 7 നമ്പർ നഗരസഭ കൗൺസിൽ തീരുമാനപ്രകാരം തിരുവമ്പാടി നിയോജക മണ്ഡലത്തിലെ സ്ഥിരതാമസമുള്ള 2018-19 വർഷം പൊതു വിദ്യാലയത്തിൽ നിന്ന് എസ്.എസ്.എൽ.സി/ പ്ലസ് ടു പരീക്ഷയിൽ മുഴുവൻ A+ ലഭിച്ച വിദ്യാർത്ഥികളെ ആദരിക്കുന്നതിനുള്ള ചെലവ് പൊതുമേഖലാ കമ്പനിയായ പെട്രോനൈറ്റ് വഹിക്കാൻ തയ്യാറായതിന് പകരമായി നഗരസഭയുടെ ബാങ്ക് അക്കൗണ്ട് വിവരം അവർക്ക് കൈമാറാൻ എം.എൽ.എ ആവശ്യപ്പെട്ടു. കൂടാതെ ഈ പരിപാടിക്ക് ചെലവഴിച്ച 249997/-രൂപയ്ക്ക് അംഗീകാരം നൽകി. മേൽ പുസ്തകങ്ങൾ വാങ്ങിയത് ഈ ചെലവഴിച്ച 249997/-രൂപയിൽ നിന്നാണെങ്കിൽ, നഗരസഭ മേൽ വൗച്ചർ പ്രകാരം തുക ചെലവഴിച്ചതെന്തിനെന്ന് വ്യക്തമാകുന്നില്ല. കൂടാതെ ഒരു പൊതുമേഖലാ സ്ഥാപനത്തിന് നഗരസഭയുടെ അക്കൗണ്ട് വിശദാംശങ്ങൾ കൈമാറിയത് ശരിയായ നടപടിയല്ല. മേൽ വൗച്ചർ പ്രകാരം ചെലവഴിച്ച 173647/- രൂപ പെട്രോനൈറ്റ് നഗരസഭയ്ക്ക് തിരികെ തന്നതിന്റെ വിശദാംശം ഫയലില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-38 പെൻസിൽ - അവധിക്കാല ക്യാമ്പ് ചെലവഴിച്ച തുക തിരികെ ഈടാക്കിയില്ല

(വൗച്ചർ നമ്പർ 21900425/17.07.2019 തുക 11389)

കില, കുടുംബശ്രീ ജില്ലാമിഷൻ എന്നിവരുടെ നേതൃത്വത്തിൽ നഗരസഭയിൽ നടപ്പാക്കുന്ന കുട്ടികളുടെ അവധിക്കാല ക്യാമ്പിന്റെ പേരാണ് 'പെൻസിൽ'. ഒരു വാർഡിൽ നിന്ന് 5 വീതം കുട്ടികളാണ് ഇതിൽ പങ്കെടുക്കുന്നത്. ഇവർക്ക് ഭക്ഷണം, പരിശീലന സാമഗ്രികൾ മറ്റ് ചെലവുകൾ എന്നിവയ്ക്ക് ഒരാൾക്ക് 100 രൂപ വീതം കിലയിൽ നിന്നും നൽകുന്നതാണെന്നറിയിച്ചു. ക്യാമ്പ് പൂർത്തിയായ ശേഷം ചെലവ് വിവരങ്ങൾ(ഒറിജിനൽ ബിൽ, വൗച്ചറുകൾ )ഹാജർ ലിസ്റ്റ് എന്നിവ കിലയ്ക്ക് നൽകുന്ന മുറയ്ക്ക് ചെലവ് തുക നഗരസഭയുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.(2.5.2019 ല കില/2019/101/2719 എച്ച്.ക്യൂ നമ്പർ കിലയുടെ കത്ത് കാണുക)

നഗരസഭയിൽ 18.05.2019 ന് ഈ ക്യാമ്പ് നടത്തുകയുണ്ടായി. ഇതിന്റെ ചെലവായി മേൽ വൗച്ചർ പ്രകാരം 11389 രൂപ തനത് ഫയലിൽ നിന്ന് അനുവദിച്ചു. ക്യാമ്പിൽ 114 കുട്ടികൾ പങ്കെടുത്തതായി ഹാജർ ലിസ്റ്റിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ ഇതിനായി നഗരസഭയ്ക്ക് ചെലവായ 11389/- രൂപ കിലയിൽ നിന്ന് തിരികെ ലഭിയ്ക്കാൻ യാതൊരു നടപടിയും അന്നത്തെ സി1 സെക്ഷൻ സ്വീകരിച്ചിട്ടില്ല.സമയബന്ധിതമായി ചെലവ് തുകയും അനുബന്ധ രേഖകളും കിലയെ അറിയിച്ചിരുന്നുവെങ്കിൽ, തുക ലഭിക്കുമായിരുന്നു. വീഴ്ച വരുത്തിയവരിൽ നിന്ന് ചെലവ് തുകയായ 11389/-

രൂപ ഈടാക്കി നഗരസഭയുടെ ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-39 വെള്ളപ്പൊക്ക ദുരിതാശ്വാസം - ശുചീകരണത്തിന്റെ ഭാഗമായി പ്രവർത്തനങ്ങൾക്ക് തുടർ നടപടി ഇല്ല

ഫയൽ നമ്പർ എച്ച് 1-8172/19 വൗച്ചർ നമ്പർ 21900534/14.08.2019

2019 ലെ വെള്ളപ്പൊക്കത്തോടനുബന്ധിച്ച് നടപ്പിലാക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിന് തനത് ഫണ്ടിൽ നിന്ന് 50000/- രൂപ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ മധുസൂദനൻ കെ.യ്ക്ക് അനുവദിച്ചു. ഇതിന്റെ ഭാഗമായി മലിനമായിപ്പോയ 432 കിണറുകൾ ശുദ്ധീകരിക്കുന്നതിന് ചെലവഴിച്ച തുക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ 07.11.2019 ലെ പതിനൊന്നാം നമ്പറായി തീരുമാനിച്ചു. അനുവദിക്കപ്പെട്ട 50000 രൂപയിൽ 35423 രൂപയുടെ സാധനങ്ങൾ വാങ്ങുകയും, 14577/- രൂപ തനത് ഫണ്ടിലേയ്ക്ക് തിരിച്ചടക്കുകയും ചെയ്തു. ഇതിൽ കിണറുകളിലെ വെള്ളം സി.ഡബ്ല്യു.ആർ.ഡി.എം ൽ നിന്ന് പരിശോധിക്കുന്നതിന്, വെള്ളം ശേഖരിയ്ക്കാൻ 1280/രൂപ ബോട്ടിലുകൽ വാങ്ങിയിട്ടുണ്ട്. (ഗാസ പോളിമർ ഇൻഡസ്ട്രീസിന്റെ 24.08.2019 ലെ 137 നമ്പർ ബിൽ കാണുക). മേൽ ബോട്ടിലുകൾ ഉപയോഗിച്ച് 41 ബോട്ടിലുകളിലെ വെള്ളം മാത്രമാണ് ടെസ്റ്റ് ചെയ്യാൻ കലക്ട് ചെയ്തത്. അവശേഷിക്കുന്ന ബോട്ടിലുകൾ 366 എണ്ണം മാത്രമാണ് നഗരസഭയിൽ സ്റ്റോക്കിലെടുത്തത്. അവശേഷിക്കുന്ന 873 എണ്ണം (1280-(41+360)=873) എവിടെയെന്ന് വ്യക്തമല്ല.

സി.ഡബ്ല്യു.ആർ.ഡി.എം ൽ നിന്നുള്ള ടെസ്റ്റ് റിസൽട്ട് പ്രകാരം താഴെ കൊടുത്തവരുടെ കിണറിലെ വെള്ളം കോളിഫോം ബാക്ടീരിയയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | കസ്റ്റമറുടെ പേര് | കോൺസൺട്രേഷൻ | അംഗീകരിച്ച പരിധി |
|---|---|---|---|
| 1 | അപ്പുക്കുട്ടൻ | 400 | Nil |
| 2 | ബാബു | 100 | “ |
| 3 | അൻവർ ഷമീം | 200 | “ |
| 4 | കൃഷ്ണൻകുട്ടി | 200 | “ |
| 5 | ത്രേസ്യാമ്മ | 700 | “ |
| 6 | സംഗീത | 2800 | |
| 7 | പുലക്കുളങ്ങര SJVP | 2100 | “ |
| 8 | പുൽപ്പറമ്പ് വള്ളി | 3400 | “ |
| 9 | അൽത്താഫ് | 900 | “ |
| 10 | പൊതുകിണർ | 3900 | “ |
| 11 | അബ്ദുൾ റഷീദ് | 100 | “ |
| 12 | മുഹമ്മദ് മോയി | 2800 | “ |
| 13 | കുട്ടിച്ചെറിമ്മൽ ആറുകണ്ടിയിൽ കുടിവെള്ള പദ്ധതി | 2800 | “ |
| 14 | മടായി മത്തായി | 2800 | “ |

| | | | |
|---|---|---|---|
| 15 | പുൽപറമ്പ് അങ്ങാടി | 3900 | “ |
| 16 | ലിപിൻ | 2400 | “ |
| 17 | രാമൻ നായർ | 7500 | “ |
| 18 | പെരലിയിൽ | 6400 | “ |
| 19 | രാജു കൊത്തലത്ത് | 1400 | “ |
| 20 | ദിവാകരൻ പറത്തിയിൽ | 400 | “ |
| 21 | ബാബു മണ്ണിൽ തൊടികയിൽ | 3900 | “ |
| 22 | നാരായണി | 700 | “ |
| 23 | സലാം പറശ്ശേരി പറമ്പിൽ | 2400 | “ |
| 24 | വേലായുധൻ കെ.പി | 2800 | “ |

41 സാമ്പിൾ പരിശോധനയിൽ 28 പേരിലും കോളിഫോം അടങ്ങിയിട്ടുണ്ട്. (മുകളിലെ 24 കൂടാതെ 100 ൽ കുറവുള്ള 4 ) കൂടാതെ അപകടകാരിയായ ഇ-കോളിയുടെ സാന്നിദ്ധ്യം, പുൽപ്പറമ്പ് പള്ളി കിണറിലും അൽത്താഫിന്റെ കിണറിലുമാണ്. ഇത്രയധികം സാന്നിദ്ധ്യം ഉണ്ടായിട്ടും അതിന് സ്വീകരിച്ച നടപടികൾ ഫയലിൽ ഇല്ല. വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ,വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

നഗരസഭയിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 65 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 85 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

01/04/2016ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം(Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ | തറ | ബാധക | ഈടാക്കുന്ന | ബാധക | ഈടാക്കേണ്ട | നഷ്ടം |
|---|---|---|---|---|---|---|

| കെട്ടിടയുടമയുടെ പേരും വിലാസവും(സഞ്ചയ പ്രകാരം) നികുതി പ്രാബല്യത്തിൽ വന്ന വർഷം | വിസ്തീർണം (സഞ്ചയ പ്രകാരം) | മാക്കിയ നികുതി നിരക്ക് | നികുതി (ഇളവുകളും വർദ്ധനവും അടക്കം | മാക്കേണ്ട നികുതി നിരക്ക് | നികുതി (ഇളവുകളും വർദ്ധനവും അടക്കം | |
|---|---|---|---|---|---|---|
| 9/206 B ബിജു ജി,ഓടമണ്ണിൽ,., മുക്കം,673602 | 195 | 65 | 13943+698=14641 (മേൽക്കൂര ഇളവ് 10/,വഴി സൗകര്യം 20%) | 85 | 18233+730= 18963 | 2019-20=2161 (2145+16) ആകെ 2161 (2145+16) |
| 14/2732 A ഇ. കെ സുരേന്ദ്രൻ, എരഞ്ഞംകണ്ടിയിൽ മുക്കം, 673602, | 109.31 | 65 | 8101+406=8507 വഴി സൗകര്യം 20%, ഒന്നാം നില ഇളവ് 5%) | 85 | 10592+424= 11016 | 2016-17= 2509 (2491+18) 2017-18= 2509(2491+18) 2018-19= 2509(2491+18) 2019-20= 2509(2491+18) ആകെ 10036 (9964+72) |
| ആകെ | | | | | | 12197 (12109+88) |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം വലിയ നികുതി നഷ്ടമാണ് സംഭവിച്ചിരിക്കുന്നത് ഇതിന് വിശദീകരണം നൽകേണ്ടതും, മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കേണ്ടതും നഗരസഭ ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി ഫണ്ടിൽ അടവാക്കേണ്ടതുമാണ്. (ഓഡിറ്റ് കാലയളവിലെ നഷ്ടം 19-20 4670/- രൂപ (4636+, ഗ്രന്ഥശാലാവരി 34 രൂപ),

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 18.02.2022; 19.02.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

-ഇല്ല-

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

-ഇല്ല-

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

-ഇല്ല-

### 4-5 വായ്പ/വായ്പ തിരിച്ചടവ്

-ഇല്ല-

### 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

### 4-7 ഓഡിറ്റ് റിക്കവറി

-ഇല്ല-

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തായിരുന്ന കാലഘട്ടത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 48 | 2003-04 | പൊതു പരാമർശം 1 | കളിമൺപാത്ര യൂണിറ്റ് പ്രവർത്തനമാരംഭിച്ചില്ല | |
| 2001-02 പ്ലാൻ | 16 | 2003-04 | പൊതു പരാമർശം 3 | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ നടപടിക്രമങ്ങൾ പാലിക്കാതെ നിർമ്മാണം | |
| 2001-02 | 18 | 2003-04 | പൊതു പരാമർശം 4 | കുടിവെള്ള പദ്ധതികൾ പരിപാലന കമ്മിറ്റികൾക്ക് കൈമാറിയില്ല. | |
| 2000-01 | 32 | 2003-04 | പൊതു | നികുതി പിരിവിലെ | |

| | | | | | |
|---|---|---|---|---|---|
| | | | പരാമർശം 7 | അലംഭാവം വൻതുക കാലഹരണപ്പെട്ടു. | |
| 2001-02 | - | 2004-05 | പൊതു പരാമർശം 3 | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | |
| 2002-03 | 3-11 | 2005-06 | പൊതു പരാമർശം 70(5) | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല 220950 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) | |
| 2003-04 | 3-11 | 2005-06 | 70(8) | കുടിവെള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയാവുന്നു 38527 (ഒഴിവാക്കാൻ ശുപാർശ ചെയ്തു) | |
| 2002-03 | 2 | 2005-06 | 70(14) | നികുതി പിരിവിലെ അലംഭാവം കുടിശ്ശിക പെരുകുന്നു | |
| 2003-04 | 3-3 | 2005-06 | 74 | വരൾച്ചാ ദുരിതാശ്വാസം 1.2 ലക്ഷം ദുർവ്യയം (തുക ഈടാക്കാൻ RR നടപടി, റിപ്പോർട്ട് നൽകാൻ ശുപാർശ) | |
| 2004-05 | 2-7 | 2006-07 | 3.79.1 | ബസ് സ്റ്റാന്റ് ഫീസ്, മാർക്കറ്റ് ഫീ 90-91 മുതൽ കുടിശ്ശിക | |
| 2004-05 | 3-15 | 2006-07 | 3.79.19 | ടാറിന് അധികനിരക്ക് നൽകി | |
| | 3-16 | 2006-07 | 3.79.19 | മണ്ണ് പ്രവൃത്തി അപാകതകൾ | |
| 2007-08 | 3-16 | 2009-10 | 3.2.1 | അസാധാരണചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനയും പാലിച്ചില്ല. | |
| 2007-08 | 3-21 | 2009-10 | 3.8.11 | മുക്കം ബസ് സ്റ്റാന്റ് യാർഡ് നവീകരണം പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട് | |
| 2009-10 | 3-1 | 2011-12 | 2.7.3 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിഷ്ക്രിയം | |
| | | 2013-14 | 5.3.5.4 | വനിതാ വ്യവസായ കേന്ദ്രം | |
| | | 2013-14 | 5.1.5.10 | കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ | |

| | | | | | |
|---|---|---|---|---|---|
| | | 2014-15 | 4.1.8 | ആസ്തികൾ കാട്ടു പിടിച്ച് കിടക്കുന്നു | |
| | | 2015-16 | 4.1.1 | അക്കൗണ്ടിംഗ് സമ്പ്രദായം അടിസ്ഥാന സൗകര്യങ്ങൾ | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

-ഇല്ല-

4-10 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | രൂ.216268097 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | രൂ.180552375 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | രൂ.8081360 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | രൂ.190800 | ശ്രീ. മധുസൂദനൻ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-16 | രൂ.1512680 | ശ്രീ. അബ്ദുൾ റഹീം, പ്രിൻസിപ്പൽ |
| 1-17 | രൂ.4048000 | ശ്രീ. മധുസൂദനൻ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-18 | രൂ.1551680 | ശ്രീ. മധുസൂദനൻ, ഹെൽത്ത് ഇൻസ്പെക്ടർ |
| 1-19 | രൂ.778200 | ശ്രീ. മധുസൂദനൻ, ഹെൽത്ത് ഇൻസ്പെക്ടർ |
| ആകെ | രൂ.8081360 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മധുസൂദനൻ | ഹെൽത്ത് ഇൻസ്പെക്ടർ, മുക്കം നഗരസഭ | തിരുവാതിര വീട്, കമ്മുളിപ്പറമ്പ്, കോട്ടപറമ്പ് പി.ഒ, കോഴിക്കോട് |
| ശ്രീ. അബ്ദുൾ റഹീം | പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്, നീലേശ്വരം | |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി(പി3)209/10(12) തീയതി: 10.05.2011 | 10 | |
| 1997-98 | എൽ എഫ് കെ കെ ഡി(പി3) 832/13(7)തി 4.07.2013 | 4 | |
| 1998-99 | എൽ എഫ് കെ കെ ഡി(പി3) 209/10(14)തീയതി:10.05.2011 | 8 | |

| | | | |
|---|---|---|---|
| 1999-00 | എൽ എഫ് കെ കെ ഡി(പി3) 209/10(15)തീയതി:10.05.2011 | 24 | |
| 2000-01 | എൽ എഫ് കെ കെ ഡി(പി3) 209/10(16)തീയതി:10.05.2011 | 31 | |
| 2001-02 പദ്ധതി | എൽ എഫ് കെ കെ ഡി(പി3) 209/10(18)തീയതി:10.05.2011 | 13 | |
| 2001-02 | എൽ എഫ് കെ കെ ഡി(പി3) 209/10(17)തീയതി: 10.05.2011 | 9 | |
| 2002-03 | എൽ എഫ് കെ കെ ഡി(പി3) 209/10(19)തീയതി: 10.05.2011 | 17 | |
| 2003-04 | എൽ എഫ് കെ കെ ഡി(പി3) 209/10(20)തീയതി:10.05.2011 | 9 | |
| 2004-05 | എൽ എഫ് കെ കെ ഡി(പി3) 209/10(21)തീയതി:10.05.2011 | 19 | |
| 2005-06 | എൽ എഫ് കെ കെ ഡി(പി3) 209/10(22)തീയതി:10.05.2011 | 21 | |
| 2006-07 | എൽ എഫ് കെ കെ ഡി(പി3) 209/10 തീയതി: 10.05.2011 | 24 | |
| 2007-08 | എൽ എഫ് കെ കെ ഡി (പി3) 1293/10 തീയതി:23.12.2010 | 60 | |
| 2008-09 | എൽ എഫ് കെ കെ ഡി(പി3) 1100/12 തീയതി:27.07.2012 | 22 | |
| 2009-10 | എൽ എഫ് കെ കെ ഡി(പി3) 239/12 തീയതി:15.4.2013 | 13 | |
| 2010-11 | എൽ എഫ് കെ കെ ഡി (പി3) 238/13 തീയതി:13.8.2013 | 23 | |
| 2011-12 | എൽ എഫ് കെ കെ ഡി (പി9) 1156/2014 തീയതി:1.08.2014 | 20 | |
| 2012-13 | എൽ എഫ് കെ കെ ഡി(പി9)1828/ 2014തീയതി:12.12.2014 | 12 | |
| 2013-14 | എൽ എഫ് കെ കെ ഡി (പി9) 1309/2015 തീയതി:19.09.2015 | 16 | |
| 2014-15 | കെ എസ് എ കെ കെ ഡി പി 9/1309/15 തി. 14.3.2016 | 44 | |
| 2015-16 (Upto 31-10-15) | കെ എസ് എ കെ കെ ഡി പി 14/153/17 തി. 31.01.2017 | 14 | |
| 2015-16 (11/15 To 3/16) | കെ എസ് എ കെ കെ ഡി പി 14/754/17 തി. 31.01.2017 | 31 | |

| | | | |
|---|---|---|---|
| 2016-17 | കെ എസ് എ കെ കെ ഡി പി 14/1735/17 തി. 31.01.2017 | 35 | |
| 2017-18 | കെ എസ് എ കെ കെ ഡി പി 13/177/2020 തി. 26.05.2020 | 48 | |

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്